# രക്ഷയുടെ പാതയിൽ

സീറോ മലബാർ സഭയുടെ
വിശ്വാസ പരിശീലന പാഠാവലി

## അദ്ധ്യാപക സഹായി

**സ്റ്റാൻഡേർഡ് - 3**

# ജീവദാതാവായ ദൈവം

*Prepared & Published by*

**SYRO-MALABAR CATECHETICAL CENTRE**
**MOUNT ST. THOMAS, KAKKANAD, KOCHI- 30**

*Title :*
**JEEVADADAVAYA DAIVAM**
**(Malayalam)**

*Text Prepared by*
FR. JOSE PUTHIYEDATH

*Published by*
SYRO-MALABAR CATECHETICAL CENTRE
MOUNT ST. THOMAS, KAKKANAD, KOCHI- 30

*Distributed by*
SMCC, MOUNT ST. THOMAS
KAKKANAD, KOCHI-30

*Printed at*

Year of Publication 2009
Price : Rs. 15/-

# ആമുഖം

നിങ്ങൾ നന്നേ ചെറുപ്പത്തിൽ മതബോധനക്ലാസ്സിൽ പഠിച്ചിരുന്ന നാളുകളെക്കുറിച്ച് ഓർമ്മിക്കുവാൻ കഴിയുമോ? അവിടെ നിങ്ങൾ ഏറ്റവും ഇഷ്ടപ്പെട്ട കാര്യങ്ങൾ എന്തൊക്കെയായിരുന്നു? അവയെല്ലാം ഇന്ന് നിങ്ങൾ പഠിപ്പിക്കുന്ന കുട്ടികൾക്കും നൽകേണ്ടതല്ലേ? സൺഡേ സ്കൂളിൽ നിന്ന് നിങ്ങൾക്ക് ഉണ്ടായിട്ടുള്ള സന്തോഷാനുഭവങ്ങൾ ഓർമ്മയില്ലേ? അത്തരം അനുഭവങ്ങൾ ഇന്നത്തെ കുട്ടികൾക്കും നൽകണ്ടേ?

അക്കാലത്ത് നിങ്ങൾക്ക് പ്രയാസമുണ്ടാക്കിയ കാര്യങ്ങൾ ഓർക്കുന്നുണ്ടോ? മതബോധനത്തിലുള്ള താൽപര്യം കുറയ്ക്കുന്ന എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? എങ്കിൽ അവയൊന്നും നമ്മുടെ കുട്ടികൾക്ക് ഉണ്ടാകാതെ നോക്കേണ്ടതല്ലേ?

നിങ്ങളുടെ മുന്നിലിരിക്കുന്ന മൂന്നാം ക്ലാസ്സിലെ കുട്ടികൾക്ക് ശരിയായ വിശ്വാസപരിശീലനം നൽകാനുള്ള പരിശ്രമത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് പ്രാധാന്യമുണ്ട്.

ഒപ്പം മറ്റൊരു കാര്യവും കൂടി ഓർമ്മിക്കണം. കാലം മാറിക്കൊണ്ടിരിക്കുകയാണ്. കുട്ടികളുടെ ജീവിതസാഹചര്യങ്ങളിലും അനുഭവങ്ങളിലും അഭിരുചികളിലും മാറ്റങ്ങൾ ഏറെയുണ്ട്. അതു പരിഗണിച്ചാലേ മതിയാവൂ. അതേസമയം മാറ്റങ്ങളുടെ ലോകത്ത് മാറ്റമില്ലാത്ത ദൈവത്തെയും മാറ്റം വരാത്ത ക്രിസ്തീയ സത്യങ്ങളെയും കുട്ടികളിൽ ഉറപ്പിക്കുകയാണ് മതബോധനത്തിന്റെ ലക്ഷ്യം. അതിന് ഉപകരിക്കുന്ന പുതിയ പാഠപുസ്തകമാണ് നിങ്ങൾക്ക് പഠിപ്പിക്കാനുള്ളത്. പാഠപുസ്തകത്തോടൊപ്പം അദ്ധ്യാപകർക്കായി പ്രത്യേകം തയ്യാറാക്കിയ അദ്ധ്യാപകസഹായിയാണ് നിങ്ങളുടെ കൈയ്യിലുള്ളത്. കഴിവുകൾ വളർത്തിയും കുറവുകൾ പരിഹരിച്ചും നല്ലൊരു അദ്ധ്യാപകൻ/അദ്ധ്യാപിക ആയിത്തീരാൻ ഇതു നിങ്ങളെ സഹായിക്കും.

# അദ്ധ്യാപകസഹായി എന്ത്? എന്തിന്?

## ഒരു അദ്ധ്യാപക സഹായി

- ◆ പാഠപുസ്തകത്തിന്റെ അനുബന്ധമാണ്
- ◆ അദ്ധ്യാപകന്റെ വഴികാട്ടിയാണ്
- ◆ പാഠങ്ങളുടെ വ്യാഖ്യാന രൂപമാണ്

ഒരു അദ്ധ്യാപകസഹായി പലവിധത്തിൽ അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് ഉപകരിക്കുന്നു:

- ➢ പാഠങ്ങൾ ശരിയായി മനസ്സിലാക്കാൻ
- ➢ പാഠങ്ങൾ നേരായ മാർഗ്ഗത്തിൽ പഠിപ്പിക്കാൻ
- ➢ പാഠങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ സ്വയം ദൂരീകരിക്കാൻ
- ➢ കുട്ടികളുടെ സംശയങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകാൻ
- ➢ ക്ലാസ്സിലെ പ്രവർത്തനങ്ങൾ ശരിയായി സംഘടിപ്പിക്കാൻ
- ➢ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ
- ➢ പാഠപുസ്തകം പൂർണ്ണമായി ഉപയോഗപ്പെടുത്താൻ
- ➢ അധിക വിവരങ്ങൾ ശേഖരിക്കാൻ
- ➢ സ്വന്തം അധ്യാപനരീതികളെ മെച്ചപ്പെടുത്താൻ
- ➢ പുതിയ പാഠപുസ്തകത്തിന്റെ സമീപനം ഉൾക്കൊണ്ടു നടപ്പിലാക്കാൻ

**അദ്ധ്യാപനവുമായി ബന്ധപ്പെട്ട മൂന്ന് പ്രധാന ചോദ്യങ്ങളുണ്ട്**

1. എന്താണ് പഠിപ്പിക്കേണ്ടത്? എന്ത് ലക്ഷ്യത്തോടെയാണ് പഠിപ്പിക്കേണ്ടത്?
2. ആരെയാണ് പഠിപ്പിക്കേണ്ടത്?
3. എങ്ങനെയാണ് പഠിപ്പിക്കേണ്ടത്?

മതബോധനപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ അദ്ധ്യാപകരും ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതാണ്.

**1. മതബോധനം എന്തെന്ന് അറിയണം.**

മാമ്മോദീസ സ്വീകരിച്ചവരെ ക്രിസ്തീയ വിശ്വാസത്തിന്റെ പക്വതയിലേക്കും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്കും നയിച്ചുകൊണ്ട് ക്രിസ്തുവിൽ വളരുവാൻ സഹായിക്കുകയാണ് മതബോധനത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഇതിനായി വിശ്വാസ

ത്തിന്റെ അറിവിലേക്കും അനുഭവത്തിലേക്കും ജീവിതത്തിലേയ്ക്കും കുട്ടികൾക്ക് വഴികാട്ടുകയാണ് ശരിയായ വിശ്വാസപരിശീലനം. "മിശിഹാ നിങ്ങളിൽ രൂപപ്പെടുവോളം ഞാൻ ഈറ്റുനോവനുഭവിക്കുന്നു" എന്ന വി. പൗലോസിന്റെ തീക്ഷ്ണതയാവണം മതബോധനത്തിന്റെ പ്രചോദനഹേതു. പരിശുദ്ധ ത്രിത്വത്തിലുള്ള സഭയുടെ അടിസ്ഥാന വിശ്വാസത്തിന്റെ ബാലപാഠങ്ങളിലേക്ക് കുട്ടികളെ ആനയിക്കുക, കൂദാശകളെക്കുറിച്ച് അറിവു നൽകുക എന്നിവയ്ക്കാണ് പ്രാഥമിക ക്ലാസ്സുകളിലെ മതബോധനത്തിൽ ഊന്നൽ നൽകുന്നത്. എന്താണ് പഠിപ്പിക്കേണ്ടത് എന്ന ചോദ്യത്തിന്റെ ആന്തരാർത്ഥം ഈ വിധത്തിൽ നാം ഗ്രഹിക്കണം.

## 2. കുട്ടികളെ അറിയണം

നാം പഠിപ്പിക്കേണ്ടതും വിശ്വാസപരിശീലനം നൽകേണ്ടതും കുട്ടികൾക്കാണ്. അവരെ നാം ശരിയായി മനസ്സിലാക്കണം. കുട്ടികളുടെ പ്രായം, പ്രകൃതം, കഴിവുകൾ, കുറവുകൾ, താൽപര്യങ്ങൾ, സാധ്യതകൾ എന്നിവയെല്ലാം അറിയണം.

കുട്ടികളുടെ കഴിവുകളെക്കുറിച്ച് ഒന്നോർത്തു നോക്കൂ. അവർക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?

- ചിരിക്കാൻ
- കരയാൻ
- ചിന്തിക്കാൻ
- കാണാൻ
- കേൾക്കാൻ
- ഓടാൻ
- ചാടാൻ
- കളിക്കാൻ
- സംസാരിക്കാൻ ... ഇങ്ങനെ ഒത്തിരിയൊത്തിരി കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

കുട്ടികളുടെ സംസാരിക്കാനുള്ള കഴിവുമാത്രം പരിഗണിച്ചാലോ? ഏതൊക്കെ വിധത്തിലുള്ള സംസാരരീതികൾ കുട്ടികൾ ക്ലാസ്സിൽ പ്രകടിപ്പിക്കും? നിരവധി കാര്യങ്ങൾ വാമൊഴിയിലൂടെ കുട്ടികൾക്ക് ചെയ്യാനുള്ള കഴിവുണ്ട്? അവയൊന്ന് നമുക്ക് കുറിച്ചുവയ്ക്കാം.

- ♦ കഥ പറയാൻ
- ♦ പാട്ടുപാടാൻ

- ചോദ്യം ചോദിക്കാൻ
- ഉത്തരം പറയാൻ
- വിശേഷങ്ങൾ പങ്കുവയ്ക്കാൻ
- അറിയാവുന്ന കാര്യങ്ങൾ വിവരിക്കാൻ
- ഭാവനാപരമായി ചിന്തിച്ചുപറയാൻ
- സംഭവങ്ങളെക്കുറിച്ച് വിവരിക്കാൻ
- പരാതികൾ പറയാൻ
- നിർദ്ദേശങ്ങൾ ഉന്നയിക്കാൻ
- ചിത്രം നോക്കി ആശയം പറയാൻ...

**കളിക്കാൻ ഇഷ്ടപ്പെടുന്ന കുട്ടികൾക്ക് അതിലൂടെ സാധിക്കുന്ന ഒത്തിരികാര്യങ്ങളുണ്ട്. അവ എന്തൊക്കെയാവാം?**

- നിർദ്ദേശങ്ങൾ മനസ്സിലാക്കാൻ
- നിയമങ്ങൾ അനുസരിക്കാൻ
- നിയമം തെറ്റിച്ചാൽ പ്രതികരിക്കാൻ
- തെറ്റുകൾ തിരുത്താൻ
- സന്തോഷം പ്രകടിപ്പിക്കാൻ
- വികാരങ്ങൾ പ്രകടിപ്പിക്കാൻ
- സംഘമായി പ്രവർത്തിക്കാൻ
- പ്രവർത്തനങ്ങളിൽ ഉത്സാഹത്തോടെ ഏർപ്പെടാൻ....

കുട്ടികളെക്കുറിച്ച് അറിയാൻ ഇങ്ങനെ ഒട്ടേറെ കാര്യങ്ങളുണ്ട്. അദ്ധ്യാപകൻ/അദ്ധ്യാപിക അവയെല്ലാം അറിഞ്ഞിരുന്നാൽ അദ്ധ്യാപനം കൂടുതൽ അർത്ഥവത്താകും.

കുട്ടികളെ മനസ്സിലാക്കാൻ അദ്ധ്യാപകരെ സഹായിക്കുന്ന പല മാർഗ്ഗങ്ങളുണ്ട്.

- ☐ കുട്ടികളുമായുള്ള ഇടപെടൽ
- ☐ സൂക്ഷ്മനിരീക്ഷണം
- ☐ ശിശുമനഃശാസ്ത്രത്തിലുള്ള അറിവ്
- ☐ അത്തരം പുസ്തകങ്ങളുടെ വായന

## 3. പഠനരീതി അറിയണം

പുതിയ കാലം, പുതിയ കുട്ടികൾ, പുതിയ പാഠപുസ്തകം... ഇങ്ങനെയൊരു പുതിയ സാഹചര്യത്തിൽ പുത്തൻപഠനരീതികൾ നാം കുട്ടികൾക്ക് നൽകണം. അദ്ധ്യാപനത്തിൽ നൂതനമാർഗ്ഗങ്ങൾ സ്വീകരിക്കണം.

നേരത്തെ നാം കണ്ടതുപോലെ നാനാതരം കഴിവുകൾ ഓരോ കുട്ടിയിലുമുണ്ട്. അവ യഥോചിതം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പഠനസമ്പ്രദായമാണ് വേണ്ടത്. കളിക്കാനും പ്രവർത്തിക്കാനും ഉത്സാഹമുള്ള കുട്ടികൾക്ക് നാം അതിനവസരം നൽകണം. ഈ വിചാരത്തോടെയാണ് പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

കേൾക്കാൻ മാത്രമല്ല, പറയാനും കാണാനും വരയ്ക്കാനും എഴുതാനും കളിക്കാനും ഒക്കെ പറ്റിയ നിരവധി പ്രവർത്തനങ്ങൾ പാഠപുസ്തകത്തിലുണ്ട്. അവയൊന്നും നിസ്സാരങ്ങളല്ല. ലളിതമാണെങ്കിലും ഓരോ പ്രവർത്തനത്തിലൂടെയും നമ്മുടെ വിശ്വാസത്തിന്റെ വിവിധ അംശങ്ങളാണ് കുട്ടികൾ നേടുന്നത്. ഈശോയെയും അവിടുന്ന് നൽകുന്ന രക്ഷയേയും കുട്ടികൾക്ക് നൽകാനുള്ള പരിശ്രമത്തിൽ കഴിവുള്ള എല്ലാ മാർഗ്ഗങ്ങളും നാം ഉപയോഗിക്കേണ്ടതാണ്. അതിനുവേണ്ടി പുതിയ ബോധനരീതികൾ ഗ്രഹിക്കാൻ മതാദ്ധ്യാപകർ തയ്യാറാകണം. ഇക്കാര്യത്തിൽ അദ്ധ്യാപകർക്ക് ഒരളവുവരെ സഹായമേകാൻ ഈ അദ്ധ്യാപക സഹായിക്കു കഴിയും. കിട്ടാവുന്ന ഇടങ്ങളിൽ നിന്നൊക്കെ അദ്ധ്യാപനരീതികളിലുള്ള അറിവും പരിചയവും അദ്ധ്യാപകൻ നേടിയെടുക്കാൻ ശ്രമിക്കേണ്ടതുമാണ്.

## പ്രവർത്തനങ്ങളുടെ സവിശേഷതകൾ

മതബോധനക്ലാസ്സിൽ അവതരിപ്പിക്കുന്ന ഏതു പ്രവർത്തനവും വിജയിക്കണമെങ്കിൽ അതിന് ചില സവിശേഷതകൾ ഉണ്ടാകണം. എങ്കിലേ അതുകൊണ്ട് ഫലം കിട്ടുകയുള്ളൂ.

എന്തൊക്കെയാവും ആ സവിശേഷതകൾ?

പഠനത്തിനുവേണ്ടി നാം നൽകുന്ന ഒരു പ്രവർത്തനം-

- കുട്ടികളിൽ താൽപര്യം ഉണ്ടാക്കുന്നത്
- കുട്ടികളുടെ പ്രകൃതത്തിന് ചേർന്നത്
- കുട്ടികൾക്ക് സ്വാതന്ത്ര്യം നൽകുന്നത്
- ഒരു ലക്ഷ്യത്തെ മുൻനിറുത്തിയുള്ളത്
- വിഷയവുമായി ബന്ധമുള്ളത്
- സമയബന്ധിതമായി ചെയ്യാവുന്നത്
- കുട്ടികളുടെ നിലവാരത്തിന് യോജിക്കുന്നത്
- കുട്ടികളിൽ വെല്ലുവിളി ഉയർത്തുന്നത്
- അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് വിലയിരുത്തുവാൻ കഴിയുന്നത് ആയിരിക്കണം.

പാഠപുസ്തകത്തിലെയും അദ്ധ്യാപകസഹായിയിലെയും പ്രവർത്തനങ്ങൾ കുട്ടികൾക്കു നൽകുമ്പോഴും പുതിയ പ്രവർത്ത

നങ്ങൾ അദ്ധ്യാപകർ കണ്ടെത്തുമ്പോഴും ഇപ്പറഞ്ഞ സവിശേഷതകൾ ഓർമ്മയിൽ സൂക്ഷിക്കണം.

**അദ്ധ്യാപകൻ/അദ്ധ്യാപിക പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. എല്ലാ കുട്ടികൾക്കും പാഠപുസ്തകം ഉണ്ടെന്ന് ഉറപ്പുവരുത്തണം. അതു തുടക്കത്തിലെ വാങ്ങാൻ നിർദ്ദേശിക്കുകയും വേണം.
2. ഒന്നും രണ്ടും ക്ലാസ്സുകളിൽ വരയ്ക്കാനും നിറം കൊടുക്കാനുമുള്ള നിരവധി അവസരങ്ങളുണ്ട്. അതിനാൽ എല്ലാ കുട്ടികൾക്കും പലനിറത്തിലുള്ള സ്കെച്ച് പേനയോ, കളർപെൻസിലോ, ക്രെയോൺസോ ഉണ്ടായിരിക്കണം. പാഠപുസ്തകത്തോടൊപ്പം ഇതും കുട്ടികൾ ക്ലാസ്സിൽ കൊണ്ടുവരേണ്ടതാണ്.
3. പാഠപുസ്തകത്തിൽ വരയ്ക്കാനും എഴുതാനുമുള്ള കാര്യങ്ങൾ ക്ലാസ്സിൽ വച്ചുമാത്രം ചെയ്യാനുള്ളതാണ്. ഇക്കാര്യം മുൻകൂട്ടി കുട്ടികളെ ബോധ്യപ്പെടുത്തണം. അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ നിർദ്ദേശാനുസരണം മാത്രമേ കുട്ടി പാഠപുസ്തകം ഉപയോഗിക്കാവൂ.
4. കുട്ടികൾക്ക് വീട്ടിൽ വച്ച് ചെയ്യാനുള്ള അധിക പ്രവർത്തനങ്ങൾ നൽകാവുന്നതാണ്. അത് വ്യക്തമായി പറഞ്ഞുവിടണം. അങ്ങനെ വരയ്ക്കാനും എഴുതുവാനും ചിത്രങ്ങൾ ഒട്ടിക്കാനുമൊക്കെ പ്രത്യേകം നോട്ടുബുക്ക് കുട്ടികൾക്ക് ഉണ്ടായിരിക്കുന്നത് നല്ലതാണ്. അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ താൽപര്യം പോലെ, സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇക്കാര്യം ചെയ്യേണ്ടതാണ്.

## പാഠത്തിലേക്ക് പ്രവേശിക്കുമ്പോൾ

മതബോധനത്തെക്കുറിച്ചും കുട്ടികളെക്കുറിച്ചും പുതിയ പഠനരീതിയെക്കുറിച്ചുമൊക്കെ നാം മനസ്സിലാക്കി. ഇനി ഓരോ പാഠവും പ്രത്യേകമായി വിശകലനം ചെയ്യുകയാണ്. പാഠങ്ങളുടെ വിശകലനത്തിൽ പ്രത്യേകമായൊരു രൂപഘടന സ്വീകരിച്ചിട്ടുമുണ്ട്. അതു താഴെപ്പറയും വിധമാണ്.

**കുട്ടികൾ സ്വായത്തമാക്കേണ്ടവ**

ഒരു പാഠത്തിലൂടെ കുട്ടി നേടിയിരിക്കേണ്ട ഉദ്ദേശ്യങ്ങൾ തന്നെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. അവയെ മൂന്നായി തിരിച്ച് അവതരിപ്പിക്കുന്നു. ഒരു പാഠം കുട്ടികൾ പഠിച്ചുകഴിയുമ്പോൾ എന്തൊക്കെ അവർ സ്വന്തമാക്കിയിരിക്കണമെന്ന് അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് വ്യക്തമാകുന്നു. ചോദ്യോത്തരങ്ങൾക്കും പ്രവർത്തനങ്ങൾക്കും അപ്പുറത്ത് കുട്ടികളുടെ വിശ്വാസപരിശീലനത്തിന് ഇപ്പറഞ്ഞ കാര്യങ്ങൾ സ്വായത്തമാക്കിയേ മതിയാവൂ.

- ബോധ്യങ്ങൾ
- മനോഭാവങ്ങൾ
- ശീലങ്ങൾ

എന്നിങ്ങനെ വേർതിരിച്ച് നൽകിയിരിക്കുന്ന കാര്യങ്ങൾ കുട്ടികൾക്ക് പകരാനാണ് നാം മറ്റുകാര്യങ്ങളെല്ലാം ചെയ്യുന്നത്.

**2. അദ്ധ്യാപകൻ/അദ്ധ്യാപിക കരുതേണ്ട ബോധനോപാധികൾ**

ഓരോ പാഠവും നന്നായി അവതരിപ്പിക്കുന്നതിന് ചില പഠനോപകരണങ്ങൾ ആവശ്യമാണ്. ഒന്നാം/രണ്ടാം/മൂന്നാം/നാലാം ക്ലാസ്സിൽ ചിത്രങ്ങൾ, ചാർട്ടുകൾ എളുപ്പത്തിൽ ശേഖരിക്കാവുന്ന വസ്തുക്കൾ എന്നിവയൊക്കെ അദ്ധ്യാപകൻ/അദ്ധ്യാപിക മുൻകൂട്ടി ഒരുക്കി ക്ലാസ്സിൽ കൊണ്ടുപോകണം. അദ്ധ്യാപകസഹായിയിൽ ചേർത്തിരിക്കുന്നവ കൂടാതെ യുക്തമെന്നു തോന്നുന്നവ, ലഭ്യമാണെങ്കിൽ ഉപയോഗിക്കുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും. അതിനുള്ള ഒരു മാർഗ്ഗനിർദ്ദേശമായി മാത്രം ഇതിലെ സൂചനകൾ കണക്കാക്കിയാൽ മതി.

ഗാനങ്ങൾ, കഥകൾ, കളികൾ, നാടകരൂപങ്ങൾ തുടങ്ങിയവയൊക്കെ ചില പാഠങ്ങളിൽ ആവശ്യമായി വരും. അവയെല്ലാം മനസ്സിലെങ്കിലും തയ്യാറാക്കിയേ ക്ലാസ്സിൽ പോകാവൂ. അവയും ബോധനോപാധികൾ തന്നെയാണ്.

**3. പാഠാവതരണം**

ഓരോ പാഠവും എങ്ങനെ അവതരിപ്പിക്കണം, എവിടെ തുടങ്ങണം, എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിക്കണം എന്നൊക്കെ വിവരിക്കുന്ന ഭാഗമാണിത്. പാഠം തുടക്കം മുതൽ ഒടുക്കം വരെ വായിച്ച് അവതരിപ്പിക്കുന്ന രീതി എന്തായാലും ഒഴിവാക്കണം. കുട്ടികൾക്ക് ആകർഷകമായ വിധത്തിൽ പാഠം തുടങ്ങാനും തുടരാനും അവസാനിപ്പിക്കുവാനും കഴിയണം. അതിനുള്ള ചില സൂചനകൾ പാഠാവതരണഭാഗത്ത് നൽകുന്നുണ്ട്. അവയെക്കാൾ നല്ലതെന്നു തോന്നുന്നവ കണ്ടെത്തിയാൽ അത് ഉപയോഗിച്ചാൽ മതി. ഏറ്റവും കൂടുതൽ ഒരുക്കം ആവശ്യമുള്ള കാര്യമാണ് പാഠവതരണമെന്ന് മറക്കരുത്.

കഥപറച്ചിൽ, ചിത്രവായന, അഭിനയം, റോൾപ്ലേ, പാട്ടുകൾ, സംഭാഷണം, ഗ്രൂപ്പുപ്രവർത്തനം തുടങ്ങി ഏതുവിധത്തിലും പാഠാവതരണമാകാം. അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് താൽപര്യവും കഴിവുമുള്ള ഉപാധികൾ ഉപയോഗിച്ചാൽ കൂടുതൽ കാര്യക്ഷമമാകും. കുട്ടികളെ ഈ വിധ പ്രവൃത്തികളിൽ ഉൾപ്പെടുത്തിക്കൊണ്ടും പാഠം അവതരിപ്പിക്കാവുന്നതാണ്.

**4. പാഠബന്ധിത പ്രവർത്തനങ്ങൾ**

പാഠപുസ്തകത്തിലെ എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള

നിർദ്ദേശങ്ങൾ ചേർത്തിരിക്കുന്നു. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും നൽകിയിട്ടുണ്ട്. അത് കണ്ടെത്തി എഴുതാനും സ്വയമേവ എഴുതാനുമുള്ളത് കുട്ടികൾ തനിച്ച് എഴുതട്ടെ. അവർക്ക് സഹായം നൽകിയാൽ മതി. അദ്ധ്യാപക സഹായിയിലെ വാക്കുകളോ, വാക്യങ്ങളോ തന്നെ കുട്ടികൾ എഴുതിക്കാണണമെന്ന് നിർബന്ധം പാടില്ല. ആവശ്യമുള്ളിടത്ത് കുട്ടികളെ സഹായിക്കാൻ അദ്ധ്യാപകർക്ക് നൽകിയിട്ടുള്ള സൂചനകൾ മാത്രമായി അവയെ കണ്ടാൽ മതി. കുട്ടികൾക്ക് പൂർത്തിയാക്കാൻ പറ്റാത്തവ അദ്ധ്യാപകസഹായി നോക്കി, അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് പറഞ്ഞുകൊടുക്കാൻ കഴിയുമല്ലോ. ഓരോ പാഠത്തിലെയും മുഴുവൻ പ്രവർത്തനങ്ങളും നിർബന്ധമായും ചെയ്തിരിക്കണം.

### 5. അനുബന്ധിത പ്രവർത്തനങ്ങൾ

പാഠങ്ങളിൽ ഇല്ലാത്തതും അവയോടു കൂട്ടിച്ചേർക്കാവുന്നതുമായ പ്രവർത്തനങ്ങളാണിവ. ഇവയോരോന്നും അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ ഇഷ്ടാനുസരണം സ്വീകരിക്കാവുന്നതാണ്. സന്ദർഭത്തിന് ഇണങ്ങും വിധം കഴിവുള്ളിടത്തോളം അനുബന്ധിത പ്രവർത്തനങ്ങൾ നൽകുന്നതാണ് നല്ലത്. അദ്ധ്യാപക സഹായിയിൽ ചേർക്കാത്ത പ്രവർത്തനങ്ങൾ കിട്ടുമെങ്കിൽ അവയും ക്ലാസ്സിൽ ഉപയോഗിക്കാം. കൂടുതൽ ചോദ്യങ്ങൾ പാഠഭാഗത്തുനിന്നും തയ്യാറാക്കി ചേർത്തിട്ടുണ്ട്. അവയുടെ ഉത്തരങ്ങൾ കണ്ടെത്തി കുട്ടികൾക്ക് നൽകുന്നത് നല്ലതാണ്. അനുബന്ധിത പ്രവർത്തനങ്ങളെല്ലാം തന്നെ അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ മനോഭാവത്തിനനുസൃതമായി ചെയ്യേണ്ടതാണെന്ന് ഓർമ്മിക്കുക.

## ഓരോ പാഠത്തിലും ഓർമ്മിക്കേണ്ട കാര്യങ്ങൾ

1. ഓരോ പാഠവും രണ്ട് ദിവസം (2 ഞായറാഴ്ചകൾ) കൊണ്ട് പഠിപ്പിച്ചുതീർക്കണം എന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്. അതിനാൽ ഓരോ പാഠത്തിലെയും കാര്യങ്ങൾ രണ്ടായി വിഭജിച്ച് ഒരുങ്ങുന്നതാണ് സൗകര്യം. കഴിയുമെങ്കിൽ പാഠ്യവസ്തുക്കളും (Content) പ്രവർത്തനങ്ങളും രണ്ടു ദിവസങ്ങളിലും ഉൾപ്പെടുന്ന വിധത്തിൽ ക്രമീകരിക്കുന്നതാണ് നല്ലത്.

2. പ്രവർത്തനങ്ങൾ എല്ലാം തന്നെ കുട്ടികൾ ചെയ്യേണ്ടത് ക്ലാസ്സിൽ വച്ചാണ്. അതിനുള്ള സമയം രണ്ടുദിവസങ്ങളിലായി ലഭിക്കും.

3. ഓരോന്നും ചെയ്യാനുള്ള നിർദ്ദേശങ്ങൾ വ്യക്തമായും കൃത്യമായും നൽകണം. വീട്ടിൽ വച്ച് മാതാപിതാക്കളുടെ സഹായത്തോടെ ചെയ്യേണ്ടവ ഉണ്ടെങ്കിൽ അത് രണ്ടാം ദിവസം ചെയ്തുകൊണ്ടുവരത്തക്കവിധം ഒന്നാംദിവസം തന്നെ കുട്ടികളോടു പറഞ്ഞുവിടണം. മൂന്നാംക്ലാസ്സിലെ എല്ലാ പാഠത്തിലും ഓരോ പ്രാർത്ഥന (നമുക്ക് പ്രാർത്ഥിക്കാം) ചേർത്തിട്ടുണ്ട്. അവ ക്ലാസ്സിൽ വച്ച് ആവർത്തിച്ച് ചൊല്ലിക്കൊടുക്കണം. കൈകൾ കൂപ്പാനും ഭക്തിയോടെ പ്രാർത്ഥിക്കാനും പഠിപ്പിക്കണം.

4. ഓരോ പാഠത്തിലും ഒന്നോ രണ്ടോ പാട്ട് (നമുക്കു പാടാം) കൊടുത്തിട്ടുണ്ട്. അവ ഈണത്തിൽ പാടാൻ കുട്ടികൾക്ക് അവസരം നൽകണം. ഒറ്റയ്ക്കും സംഘമായും പല ഗ്രൂപ്പുകളായി തിരിഞ്ഞും കുട്ടികൾ ആവർത്തിച്ച് പാടട്ടെ. അനുയോജ്യമായ മറ്റുപാട്ടുകളും നൽകാം. പ്രാർത്ഥനയും പാട്ടും പാഠഭാഗവുമായി ബന്ധമുള്ളതാണെന്ന് ശ്രദ്ധിക്കുമല്ലോ.

5. മനഃപാഠമാക്കാൻ കൊടുത്തിട്ടുള്ളവ കഴിവതും ക്ലാസ്സിൽ വച്ചു തന്നെ ചെയ്യിക്കുക. ഒന്നോ രണ്ടോ തവണ വായിച്ചുകൊടുക്കാം. ഒറ്റയ്ക്കും ഗ്രൂപ്പായും വായിച്ചു പഠിക്കാൻ നിർദ്ദേശിക്കാം. മനഃപാഠമാക്കി ചൊല്ലിക്കേൾപ്പിക്കുന്നവർക്ക് ചെറിയ സമ്മാനങ്ങളോ കൈയ്യടിയോ മറ്റെന്തെങ്കിലും അംഗീകാരമോ നൽകാം. ആദ്യമാദ്യം പഠിച്ചു കേൾപ്പിക്കാൻ പ്രചോദനം നൽകുന്നത് നല്ലതാണ്.

6. എന്റെ തീരുമാനം എന്നപേരിൽ കൊടുത്തിരിക്കുന്നവ കുട്ടിയിൽ രൂപപ്പെടേണ്ട മനോഭാവങ്ങളോ ശീലങ്ങളോ ആണ്. ഓരോ പാഠത്തിലെയും എന്റെ തീരുമാനം കുട്ടികൾക്ക് വിശദമാക്കിക്കൊടുക്കണം. അത് അവരുടെ തീരുമാനമാക്കി മാറ്റണം. പിറ്റേ ആഴ്ചയിൽ തീരുമാനം എത്രത്തോളം നടപ്പിലാക്കി എന്ന് അന്വേഷിക്കണം.

7. ബൈബിൾ വായന, എന്റെ ബൈബിൾ വാക്യം എന്ന പ്രവർത്തനം കുട്ടികളുടെ ബൈബിൾ പഠനവും പാരായണവും വളർത്താനുള്ളതാണ്. ബൈബിൾ വായിച്ച്, ഇഷ്ടപെട്ട വാക്യം എഴുതിക്കൊണ്ടുവരാനുള്ള നിർദേശം ഒന്നാം ദിവസം നൽകണം. രണ്ടാംദിവസം അതു പരിശോധിക്കുകയും വേണം. ഒന്നാം പാഠം പഠിപ്പിക്കുമ്പോൾ അദ്ധ്യാപകൻ/അദ്ധ്യാപിക സമ്പൂർണ്ണ ബൈബിൾ ക്ലാസ്സിൽ കൊണ്ടുപോയി ഉൽപത്തി 1:26-31 ഭാഗം വായിച്ചു കേൾപ്പിക്കണം. അതിൽ നിന്ന് ഇഷ്ടപ്പെട്ട ഒരു വാക്യം ഓരോ കുട്ടിയോടും ചോദിച്ച് അത് എഴുതാൻ ആവശ്യപ്പെടണം. ഇതുപോലെ മറ്റുപാഠങ്ങളിൽ മാതാപിതാക്കളുടെ സഹായത്തോടെ കുട്ടികൾ വായിച്ച് എഴുതണം.

8. മിക്ക പാഠങ്ങളിലും കഥപറയാൻ അവസരങ്ങളുണ്ട്. പരമാവധി സന്ദർഭങ്ങളിൽ കഥപറയാൻ ശ്രമിക്കണം. ഇടയ്ക്ക് കഥ പറയാൻ കുട്ടികൾക്കും അവസരം നൽകണം. താൽപര്യം ഉണർത്തി, ആകാംക്ഷ വളർത്തി, ആശയങ്ങൾ സ്വീകരിക്കാൻ തക്കവിധം കഥ അവതരിപ്പിക്കണം. അതിനു താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

- ☐ വിശദാംശങ്ങൾ വിട്ടുകളയാതെ പറയണം
- ☐ വ്യക്തികളെയും സംഭവങ്ങളെയും വർണ്ണിക്കണം.
- ☐ കുട്ടികൾക്കിണങ്ങുന്ന പദങ്ങളും ഭാഷാശൈലിയും ഉപയോഗിക്കണം.
- ☐ കഥയ്ക്കിടയിൽ ചെറിയ ചോദ്യങ്ങൾ ചോദിക്കണം.
- ☐ കുട്ടികളുടെ സഹായത്തോടെ കഥ പൂർത്തിയാക്കാൻ കഴിഞ്ഞാൽ നന്ന്.

- എന്തെങ്കിലുമൊരു കഥ പറഞ്ഞ് അവസാനിപ്പിക്കാതെ വിശ്വാസപരിശീലനത്തിന് ഉപകരിക്കുന്ന ആശയങ്ങൾ ഉൾക്കൊള്ളുന്ന കഥകൾ കണ്ടെത്തി അവതരിപ്പിക്കുക.

9. കളികൾ സംഘടിപ്പിക്കാനുള്ള നിരവധി സന്ദർഭങ്ങൾ പാഠപുസ്തകത്തിലുണ്ട്. അവയൊന്നും പാഴാക്കരുത്. കൂടുതൽ കളികൾ കണ്ടെത്തി കുട്ടികൾക്കു നൽകുകയും വേണം. മതബോധനക്ലാസ്സിൽ കളികൾ നൽകുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കണം.

- ക്ലാസ്സിന്റെ അന്തരീക്ഷത്തിനുചേർന്ന കളികൾ തെരഞ്ഞെടുക്കണം.
- നിർദ്ദേശങ്ങൾ കൃത്യമായും വ്യക്തമായും നൽകണം.
- നിയമങ്ങൾ പാലിക്കാൻ നിഷ്കർഷിക്കണം.
- വിജയപരാജയങ്ങൾക്കപ്പുറം കളിക്കുക എന്ന പ്രക്രിയയിൽ ഊന്നൽ നൽകണം.
- എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കണം.
- കളിയിൽകൂടി ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കണം.
- കുട്ടികളുടെ മനോഭാവങ്ങളെയും ശീലങ്ങളെയും വിലയിരുത്താനും തിരുത്താനുമുള്ള അവസരങ്ങളായും കളികളെ ഉപയോഗപ്പെടുത്തണം.

## ഓർമ്മിക്കാൻ മൂന്നുകാര്യങ്ങൾ കൂടി

1. ഈ അദ്ധ്യാപനസഹായി പൂർണ്ണമായി ശ്രദ്ധാപൂർവ്വം വായിക്കണം. ഓരോ പാഠവിശകലനവും വായിച്ചു മനസ്സിലാക്കണം. ഒന്നും രണ്ടും ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും അദ്ധ്യാപകസഹായിയിലെ പാഠവിശകലനങ്ങളും വായിക്കുന്നത് അദ്ധ്യാപനത്തെ കൂടുതൽ സമഗ്രമാക്കാൻ സഹായിക്കും.

2. ഓരോ പാഠവും പഠിപ്പിക്കുന്നതിനുമുമ്പായി അതാത് പാഠവിശകലനത്തിന്റെ സഹായത്തോടെ നല്ല ഒരുക്കം നടത്തണം. പാഠാസൂത്രണം നന്നായാൽ ക്ലാസ്സെടുക്കാൻ ഏറെ എളുപ്പമാകും. എന്തെല്ലാം കാര്യങ്ങൾ, ഏതു വിധത്തിൽ കുട്ടികൾക്കു നൽകണം. എന്തെല്ലാം പ്രവൃത്തികൾ അവരെക്കൊണ്ടുചെയ്യിക്കണം എന്നെല്ലാം മുൻകൂട്ടി തീരുമാനിക്കുന്നതാണ് ആസൂത്രണം.

3. പാഠാസൂത്രണത്തിൽ തീരുമാനിച്ച് കാര്യങ്ങൾ ഒരു നോട്ടുബുക്കിൽ എഴുതിവച്ചാൽ എളുപ്പമായി. അതുനോക്കി ക്ലാസ്സ് നയിക്കാം. ഓരോ അദ്ധ്യാപകനും അദ്ധ്യാപികയ്ക്കും സൗകര്യമെന്നു തോന്നുന്ന വിധത്തിൽ എഴുതിയാൽ മതി. പാഠക്കുറിപ്പുകൾ എഴുതിശീലിക്കുന്നത് കൂടുതൽ നന്നായി ഒരുങ്ങാൻ ഇടവരുത്തും. പലയിടത്തുനിന്നായി ലഭിക്കുന്ന അധിക വിവരങ്ങളും പ്രവർത്തനങ്ങളും ഈ ബുക്കിൽ എഴുതാനും കഴിയും.

## പാഠം 1
# ജീവൻ നൽകുന്ന ദൈവം

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

**ബോധ്യങ്ങൾ**

1. ജീവനുള്ളവയ്ക്ക് പ്രത്യേകതകളുണ്ട്.
2. നമുക്ക് ജീവൻ നൽകിയത് ദൈവമാണ്.
3. ദൈവത്തോടൊത്ത് ജീവിക്കുകയാണ് മനുഷ്യന്റെ സന്തോഷം.

**മനോഭാവങ്ങൾ**

1. ജീവജാലങ്ങളോട് ആദരവും സ്നേഹവും പ്രകടിപ്പിക്കണം.
2. ദൈവത്തോട് നാം നന്ദിയുള്ളവരായിരിക്കണം.
3. ദൈവത്തോടൊത്തുള്ള ജീവിതമാണ് യഥാർത്ഥ സന്തോഷം.

**ശീലങ്ങൾ:**

1. മറ്റുള്ളവർക്ക് നന്മകൾ ചെയ്യും.
2. എപ്പോഴും സന്തോഷത്തോടെ പെരുമാറും.
3. ജീവനുള്ളവയെ വേദനിപ്പിക്കാതിരിക്കും.

## II. അദ്ധ്യാപകൻ / അദ്ധ്യാപിക കരുതേണ്ട ബോധനോപാധികൾ

സമ്പൂർണ്ണ ബൈബിൾ, മനുഷ്യരും ജീവജാലങ്ങളും വിവിധ പ്രവൃത്തികൾ ചെയ്യുന്നതിന്റെ ചിത്രങ്ങൾ ഒരു കടലാസുപൂവും ഒരു യഥാർത്ഥ പൂവും.

## III. പാഠാവതരണം

കുട്ടികൾക്ക് / മനുഷ്യർക്ക് / നമുക്ക് എന്തൊക്കെ കഴിവുകളുണ്ട്? ഓടാൻ, ചാടാൻ, ചിരിക്കാൻ, കരയാൻ, എഴുതാൻ, അഭിനയിക്കാൻ, പാട്ടുപാടാൻ, കൈകൊട്ടാൻ, കുരിശുവരയ്ക്കാൻ, കൈകൂപ്പാൻ... അങ്ങനെ നൂറുകണക്കിന് കാര്യങ്ങൾ. കുട്ടികൾ അവയിൽ ചിലതെല്ലാം പറയുകയും പ്രവർത്തിക്കുകയും ചെയ്യട്ടെ.

മൃഗങ്ങൾക്ക് / ജീവികൾക്ക് / പക്ഷികൾക്ക് എന്തൊക്കെ കഴിവുകളുണ്ട്? ഓടാൻ, നീന്താൻ, പറക്കാൻ, കുരയ്ക്കാൻ, ചിലയ്ക്കാൻ... സസ്യങ്ങൾക്കോ? വളർന്നു വലുതാവാൻ, പുഷ്പിക്കാൻ, ഇലപൊഴിക്കാൻ....

ജീവനുള്ളതുകൊണ്ടാണ് ഇതെല്ലാം സാധിക്കുന്നത്. എങ്കിൽ ജീവനുള്ളവയുടെ പ്രത്യേകതകൾ എന്തൊക്കെ?

ചർച്ചയുടെ തുടർച്ചയായി പാഠത്തിലേയ്ക്കു പ്രവേശിക്കാം. വിവിധ പ്രവൃത്തികളുടെ ചിത്രങ്ങൾ കാണിച്ച്, അവയെക്കുറിച്ച് പറയാൻ അനുവദിച്ചാൽ കൂടുതൽ ആകർഷകമാകും. ജീവനുള്ളവയും ഇല്ലാത്തവയും തമ്മിലുള്ള താരതമ്യവും ആകാം.

# IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### ഉത്തരം കണ്ടെത്താം

1. ജീവനുള്ളവ ചലിക്കുന്നു, ഭക്ഷിക്കുന്നു, വളരുന്നു, പെരുകുന്നു. അവയ്ക്ക് ജനനവും മരണവുമുണ്ട്.

2. സ്നേഹത്തിൽ വളരാനും ലോകത്തിൽ നന്മകൾ ചെയ്ത് ജീവിക്കാനും അങ്ങനെ സ്വർഗ്ഗം പ്രാപിക്കാനുമാണ് ദൈവം നമുക്ക് ജീവൻ തന്നിരിക്കുന്നത്.

3. ദൈവത്തോടുകൂടെ കഴിയുന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ സന്തോഷം.

### നമുക്കു പ്രാർത്ഥിക്കാം

കൈകൾ കൂപ്പി, ഭക്തിപൂർവ്വം പ്രാർത്ഥന ചൊല്ലാൻ ക്ലാസ്സിൽ അവസരം നൽകണം.

### നമുക്ക് പാടാം

ഒരു ചോദ്യോത്തരപ്പാട്ടാണിത്. രണ്ടുഗ്രൂപ്പായി തിരിഞ്ഞ് പാടാൻ അവസരം നൽകിയാൽ കൂടുതൽ ആകർഷകമാകും. ജീവൻ, രൂപം, സ്നേഹം എന്നിവയുടെ സ്ഥാനത്ത് വേറെ വാക്കുകൾ ചേർത്ത് വരികളുണ്ടാക്കിപ്പാടുന്നതും നന്ന്.

### എഴുതാം എഴുതാം

a) അമ്മയുടെ കൂടെ യാത്ര ചെയ്യുമ്പോൾ. ചോദിക്കുന്ന സാധനങ്ങൾ പലതും വാങ്ങിത്തരും.

b) അപ്പച്ചന്റെ കൂടെ ചുറ്റും കാണുന്നതിനെക്കുറിച്ചെല്ലാം പറഞ്ഞുതരും. പുതിയ കാഴ്ചകൾ കാണിച്ചുതരും.

c) അങ്കിളിന്റെ കൂടെ ഇഷ്ടമുള്ള സ്ഥലത്തൊക്കെ കൊണ്ടുപോകും.

ഈ വിധത്തിൽ കുട്ടികൾ സ്വതന്ത്രമായി പറയട്ടെ, എഴുതട്ടെ. എന്തുകൊണ്ട് എന്ന് തിരക്കണം. കുട്ടികളുടെ മനോഭാവങ്ങളെ വിലയിരുത്താനും ആവശ്യമെങ്കിൽ തിരുത്താനും ഇവിടെ അവസരം കിട്ടും.

**കടംകഥ**

ഉത്തരം : ജീവൻ

**കഴിഞ്ഞ ആഴ്ച ഞാൻ ചെയ്ത നന്മകൾ**

കൂട്ടുകാരന് എഴുതാൻ പെൻസിൽ കൊടുത്തു. ഒരു വല്യപ്പന് വഴി പറഞ്ഞു കൊടുത്തു. പാത്രം കഴുകുവാൻ അമ്മയെ സഹായിച്ചു.

ഈ മാതൃകയിൽ കുട്ടികൾ എഴുതട്ടെ. എഴുതിയ കാര്യങ്ങൾ ചെയ്തവയാണെന്ന് ഉറപ്പു വരുത്തണം. എഴുതാതെ വരുന്നവരെ, അടുത്ത ക്ലാസ്സിലേയ്ക്ക് എഴുതാനും അതിനുമുമ്പ് നന്മകൾ ചെയ്യാനും പ്രോത്സാഹിപ്പിക്കണം.

# V. അനുബന്ധിത പ്രവർത്തനങ്ങൾ

## 1. പേരിന്റെ പേരിൽ

കുട്ടികളോട് അവർക്ക് പേരിട്ടത് ആരെന്ന് അന്വേഷിക്കാം. ഓമന പ്പേരുകളും ചോദിച്ചറിയാം. പേരിന്റെ അർത്ഥം ചോദിക്കാം. അറിയാ ത്തവർ അടുത്ത ക്ലാസ്സിൽ അറിഞ്ഞുകൊണ്ടു വരട്ടെ. മറ്റുള്ളവരെ കളി പ്പേരിട്ടു വിളിക്കുന്നത് തെറ്റാണെന്ന് ബോധ്യപ്പെടുത്താം.

## 2. സന്തോഷപൂർവ്വം

'എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ' (1 തെസ. 5:16) എന്ന ബൈബിൾഭാഗം കുട്ടികളെ വായിച്ചു കേൾപ്പിക്കുക. സന്തോഷ സൂചകമായ പാട്ടുകളോ കളികളോ നൽകുന്നതും ഉചിതമാണ്.

## 3. ഏദൻ തോട്ടത്തിലെ സംഭാഷണം

ദൈവം ഏദൻതോട്ടത്തിൽ വൈകുന്നേരങ്ങളിൽ ഉലാത്താൻ വരും. ആദവും ഹവ്വായും കൂടെ നടക്കും. അവർ എന്തൊക്കെയാവും അപ്പോൾ സംസാരിക്കുന്നത്? ദൈവവുമായി അവർ നടത്തുന്ന സംഭാ ഷണം സങ്കൽപ്പിച്ചു പറയാൻ കുട്ടികൾക്ക് അവസരം നൽകാം.

**കൂടുതൽ ചോദ്യങ്ങൾ**

1. ദൈവം ആദ്യം സൃഷ്ടിച്ചത് എന്തൊക്കെ?
2. എപ്പോഴാണ് മനുഷ്യൻ ജീവനുള്ളവനായിത്തീർന്നത്?
3. എവിടെയാണ് ആദത്തെയും ഹവ്വയെയും ദൈവം പാർപ്പിച്ചത്?
4. എല്ലാ ജീവജാലങ്ങൾക്കും പേരിട്ടത് ആരാണ്?
5. ദൈവത്തോടുകൂടെ ജീവിക്കുമ്പോൾ നമുക്ക് എന്തെല്ലാം ഉണ്ടാകും?

## പാഠം 2

# ദൈവിക ജീവൻ നഷ്ടപ്പെടുത്തുന്ന മനുഷ്യൻ

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

**ബോധ്യങ്ങൾ**

1. ദൈവകല്പന നിരസിക്കുന്നത് പാപമാണ്.
2. പാപം ചെയ്യുന്നവൻ ദൈവത്തിൽ നിന്ന് അകലുന്നു.
3. നമ്മെ ദൈവത്തിൽ നിന്ന് അകറ്റുന്നവനാണ് സാത്താൻ.

**മനോഭാവങ്ങൾ**

1. നാം പാപത്തിൽ നിന്ന് അകന്നുനിൽക്കണം.
2. ദൈവത്തെ അനുസരിക്കണം.
3. സാത്താന്റെ പ്രേരണകളിൽപ്പെടാതിരിക്കാൻ സൂക്ഷിക്കണം.

**ശീലങ്ങൾ:**

1. മാതാപിതാക്കന്മാരെ അനുസരിക്കും.
2. ദിവസവും പ്രാർത്ഥിക്കും.
3. നുണ പറയാതിരിക്കും.

## II. ബോധനോപാധികൾ

സമ്പൂർണ്ണ ബൈബിൾ, ആദിപാപത്തിന്റെ ചിത്രച്ചാർട്ട്, റോൾപ്ലേ, പ്രാർത്ഥിക്കുന്നവരുടെ ചിത്രങ്ങൾ.

## III. പാഠാവതരണം

പാഠഭാഗം ഒരു റോൾപ്ലേ ആയി അവതരിപ്പിക്കാം.

ആദത്തെയും ഹവ്വായെയും ദൈവം ഏദൻതോട്ടത്തിലാക്കുന്നു. അറിവിന്റെ വൃക്ഷത്തിലെ പഴം തിന്നരുതെന്ന് കല്പിക്കുന്നു. ദൈവം പോകുന്നു. ആദം മാറിനിൽക്കുന്നു. സാത്താൻ ഹവ്വായുടെ അടുത്ത് വന്ന് പഴം തിന്നാൻ പറയുന്നു. പഴം പറിച്ചു കൊടുക്കുന്നു. ഹവ്വാ പഴം വാങ്ങി കഴിക്കുന്നു. ആദത്തിനും കൊടുക്കുന്നു. അല്പം കഴിഞ്ഞ് ദൈവം വന്ന് വിളിക്കുന്നു. അവർ ഒളിച്ചു നിൽക്കുന്നു...

സംഭാഷണം പറഞ്ഞുകൊടുത്ത് കുട്ടികളെക്കൊണ്ട് ഇത് അഭിനയിപ്പിക്കാം. അവതരണഭംഗി കാര്യമാക്കേണ്ടതില്ല. ആശയം പകരാൻ കഴിഞ്ഞാൽ മതി. തുടർന്ന് പാഠത്തിലേക്ക് പ്രവേശിക്കാം.

ആദിപാപത്തിന്റെ ചിത്രങ്ങളുള്ള ചാർട്ട് ഉണ്ടെങ്കിൽ അതുപയോഗിച്ച് പാഠം അവതരിപ്പിക്കാം. ചിത്രവായനയിലൂടെ ആശയം കൈമാറാം.

# IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**ഉത്തരം കണ്ടെത്താം**

1. ഏദൻ തോട്ടത്തിലെ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽ നിന്ന് ഭക്ഷിക്കരുതെന്നാണ് ദൈവം കല്പിച്ചത്.
2. ദൈവത്തിന്റെ വചനം നിരസിക്കാൻ ആദിമാതാപിതാക്കളെ പ്രേരിപ്പിച്ചത് സാത്താനാണ്.
3. ഭയവും നാണവും തോന്നി ദൈവത്തിനു മുമ്പിൽ വരാൻ മടിയായതുകൊണ്ടാണ് ആദവും ഹവ്വയും മരങ്ങൾക്കിടയിൽ ഒളിച്ചു നിന്നത്.

**എഴുതാം**

ഭയം, ദുഃഖം

**തരം തിരിക്കാം**

| **സ്വീകരിക്കേണ്ടത്** | | **ഉപേക്ഷിക്കേണ്ടത്** |
|---|---|---|
| ദൈവം | - | സാത്താൻ |
| മാതാപിതാക്കൾ | - | ചീത്ത സിനിമകൾ |
| ഗുരുജനങ്ങൾ | - | ചീത്ത വാക്കുകൾ |
| നല്ല കൂട്ടുകാർ | - | ചീത്ത പടങ്ങൾ |
| നല്ല പുസ്തകങ്ങൾ | - | കളവു പറയുക |

**എന്റെ തീരുമാനം**

എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് ഇടയ്ക്കിടെ അന്വേഷിക്കണം. അതിനായി പ്രോത്സാഹിപ്പിക്കണം.

# V. അനുബന്ധിത പ്രവർത്തനങ്ങൾ

**1. കഥ കേൾക്കാം**

അനുസരണക്കേടിന്റെ ഫലം ആപത്താണെന്ന് സൂചിപ്പിക്കുന്ന കഥകൾ നിരവധിയുണ്ടല്ലോ. അവയിൽ ഏതെങ്കിലും ഒന്നു കുട്ടികളോടു പറയുന്നത് നല്ലതാണ്. ഗുണപാഠം കണ്ടെത്താൻ അവർക്ക് അവസരം നൽകണം.

## 2. സന്തോഷമോ സങ്കടമോ?

ഇതൊരു കളിയാണ്. ചില പ്രസ്താവനകൾ പറയുന്നു. അപ്പോൾ കുട്ടികൾ 'സന്തോഷം' എന്നു സൂചിപ്പിക്കാൻ കൈ ഉയർത്തുന്നു. 'സങ്കടം' എന്നാണെങ്കിൽ കൈ കൊട്ടുന്നു. തെറ്റിക്കുന്നവർ കളിയിൽ നിന്ന് പുറത്താകുന്നു.

| | | |
|---|---|---|
| ഉദാ : ഞാൻ പ്രാർത്ഥിച്ചു. | - | സന്തോഷം |
| അവൻ കൂട്ടുകാരനെ സഹായിച്ചു | - | സന്തോഷം |
| ഞാൻ വഴക്കു കൂടി | - | സങ്കടം |
| അവൾ കുരിശു വരച്ചു | - | സന്തോഷം |
| അവൻ നുണ പറഞ്ഞു | - | സങ്കടം |

ഇതേ പ്രസ്താവനകൾ കുട്ടികളെക്കൊണ്ട് പറയിച്ചും കളി നടത്താം.

## 3. ചിത്രം കാണാം, ചിത്രം ശേഖരിക്കാം

പല ആളുകൾ പ്രാർത്ഥിക്കുന്നതിന്റെ ചിത്രങ്ങൾ കുട്ടികളെ കാണിച്ച് അതേക്കുറിച്ച് സംസാരിക്കണം.

ഉദാ : മാർപാപ്പ, മദർതെരേസ, ഒരു വല്യമ്മ, ഒരു കുടുംബം മുഴുവൻ, രണ്ടു കുട്ടികൾ, ഒരു പിഞ്ചുകുഞ്ഞ്..)

പത്രങ്ങളിൽ നിന്നോ മറ്റോ പ്രാർത്ഥിക്കുന്നവരുടെ ചിത്രങ്ങൾ ശേഖരിച്ച്, അതിനുള്ള നോട്ടുബുക്കിൽ ഒട്ടിക്കുന്നത് നല്ലതാണ്.

## 4. കൂടുതൽ ചോദ്യങ്ങൾ

1. ദൈവം ഏദൻ തോട്ടം മനുഷ്യനെ ഏല്പിച്ചത് എന്തിനാണ്?
2. ദൈവകല്പന നിരസിക്കുമ്പോൾ നാം എന്തു ചെയ്യുന്നു?
3. ദൈവം നമുക്ക് എന്തെല്ലാം നൽകി?
4. നാം ഭയപ്പെടേണ്ടത് എന്തിനെയാണ്?

## പാഠം 3

# പാപം ബന്ധങ്ങളെ തകർക്കുന്നു

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

**ബോധ്യങ്ങൾ**

1. പാപം ബന്ധങ്ങളെ ശിഥിലമാക്കുന്നു.
2. ദൈവത്തെ വേദനിപ്പിക്കുന്നത് വലിയ തെറ്റാണ്.
3. ദൈവത്തിൽ നിന്ന് അകലുന്നവൻ മനുഷ്യനിൽ നിന്ന് അകലും.

**മനോഭാവങ്ങൾ**

1. എല്ലാവരേയും എന്റെ സഹോദരങ്ങളായി കണക്കാക്കണം.
2. സഹോദരങ്ങളെ വേദനിപ്പിക്കാതെ ജീവിക്കണം.
3. ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനായി വർത്തിക്കണം.

**ശീലങ്ങൾ:**

1. മറ്റുള്ളവരുടെ ഉയർച്ചയിൽ ഞാൻ സന്തോഷിക്കും.
2. സഹോദരങ്ങളെ ഞാൻ സഹായിക്കും.
3. ഒരു കാരണത്താലും സഹോദരങ്ങളെ ഞാൻ വെറുക്കുകയില്ല.

## II. ബോധനോപാധികൾ

സമ്പൂർണ്ണ ബൈബിൾ, ഗുരുവിന്റെയും രണ്ടു ശിഷ്യന്മാരുടെയു കഥ, ആബേലിന്റെ ബലി, കായേൻ ആബേലിനെ കൊല്ലുന്നത് തുടങ്ങിയ ചിത്രങ്ങൾ.

## III. പാഠാവതരണം

**ഒരു കഥ പറഞ്ഞു തുടങ്ങാം.**

ഗുരുവിന് രണ്ട് ശിഷ്യന്മാർ, ഒന്നാമന് രണ്ടാമനോട് അസൂയ തോന്നി. ഇതറിഞ്ഞ ഗുരു ഒരു പരീക്ഷണം നടത്തി. രണ്ടുപേർക്കും ഓരോ നാണയം കൊടുത്തിട്ട് പറഞ്ഞു. ഇതുകൊണ്ട് കിട്ടാവുന്ന സാധനങ്ങൾ വാങ്ങി നിങ്ങളുടെ മുറി നിറയ്ക്കുക. ഗുരു വൈകിട്ട് മുറി കാണാനെത്തി. ഒന്നാമന്റെ മുറി ചപ്പുചവറുകൾ കൊണ്ട് നിറച്ചിരുന്നു.

രണ്ടാമൻ ചന്ദനത്തിരിയും മെഴുകുതിരിയും കത്തിച്ച്, സുഗന്ധത്താലും പ്രകാശത്താലും മുറി നിറച്ചു. മനസ്സിലുള്ളത് പ്രവൃത്തിയിൽ തെളിഞ്ഞു കണ്ടു.

ഈ കഥ വിശദമായും ആകർഷകമായും അവതരിപ്പിക്കണം. ഒന്നാമനും രണ്ടാമനും - കായേനും ആബേലുമായാലോ? അവർ എന്താണ് ചെയ്തത്? ഇനി പാഠത്തിലേയ്ക്ക് കുട്ടികളെ നയിക്കാം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### ഉത്തരം കണ്ടെത്താം

1. ആബേൽ തന്റെ ആട്ടിൻകുട്ടികളിൽ നല്ലതിനെ നൽകിയതു കൊണ്ടാണ് ദൈവം അതു സ്വീകരിച്ചത്.
2. കായേൻ ദൈവത്തെ ധിക്കരിച്ചു. ആബേലിനെ വെറുത്തു.
3. എനിക്കറിഞ്ഞുകൂടാ, എന്റെ സഹോദരന്റെ കാവൽക്കാരനാണോ ഞാൻ? എന്നാണ് കായേൻ കൊടുത്ത മറുപടി.

### പദപ്പെട്ടി

പദപ്പെട്ടിയിലെ പദങ്ങളെടുത്ത് പൂരിപ്പിച്ചുപറയാൻ അവസരം കൊടുത്തിട്ടേ എഴുതാൻ അനുവദിക്കാവൂ.

കായേൻ

കാഴ്ച

ആബേൽ

ദൈവം

### കളിക്കാം കളിക്കാം

ഈ കളിയിലെ നിർദ്ദേശങ്ങൾ മലയാളത്തിലോ ഇംഗ്ലീഷിലോ നൽകാം. നിർദ്ദേശങ്ങൾ തെറ്റിക്കുന്നവർ കളിയിൽ നിന്ന് പുറത്താകും.

ദൈവം പറയുന്നു ഏഴുന്നേൽക്കുക, ഞാൻ പറയുന്നു ഇരിക്കുക, ടീച്ചർ പറയുന്നു എഴുന്നേൽക്കുക, ലീഡർ പറയുന്നു കൈകൊട്ടുക.

'ദൈവം പറയുന്നു' എന്നു ചേർത്തിട്ടുള്ള നിർദ്ദേശം അനുസരിച്ചേ കുട്ടികൾ ചലിക്കാവൂ. ഇതാണ് നിയമം. വേഗത കൂട്ടിയും കുറച്ചും നിർദ്ദേശങ്ങൾ പലതരത്തിൽ മാറ്റിപ്പറഞ്ഞും കളി ആകർഷകമാക്കാം.

**എന്റെ തീരുമാനം**

എങ്ങനെയൊക്കെ സ്നേഹിക്കാനും സഹായിക്കാനും കഴിയുമെന്ന് ക്ലാസ്സിൽ ചർച്ച ചെയ്യണം. അതിൽ നിന്ന് ഈ തീരുമാനം രൂപപ്പെടുത്തി കുട്ടികൾക്കു നൽകണം. അതു പ്രായോഗികമാക്കാൻ പ്രേരിപ്പിക്കണം.

# V. അനുബന്ധിത പ്രവർത്തനങ്ങൾ

## 1. പറയാം പറയാം

നമ്മൾ ആരുടെയൊക്കെ കാവൽക്കാരനാണ്? പറഞ്ഞു നോക്കൂ.

അപ്പച്ചൻ, അമ്മ, സഹോദരങ്ങൾ, കൂട്ടുകാർ, അയൽക്കാർ...

നമ്മുടെ കാവൽക്കാർ ആരൊക്കെയാണ്?

അതും പറഞ്ഞു നോക്കൂ.

## 2. കാഴ്ച നൽകുമ്പോൾ

നാം എന്തൊക്കെയാണ് ദൈവത്തിന് കാഴ്ചയർപ്പിക്കുന്നത്? പണം നേർച്ചയിടാറുണ്ട്, ചില വസ്തുക്കൾ പള്ളിയിൽ സമർപ്പിക്കാറുണ്ട്. എന്തൊക്കെയാണ് ആ വസ്തുക്കൾ?

കുട്ടികൾ അവരുടെ അറിവും അനുഭവവും പങ്കുവയ്ക്കട്ടെ. കാഴ്ച നൽകുമ്പോൾ ഉണ്ടായിരിക്കേണ്ട മനോഭാവം വിശദീകരിക്കണം.

## 3. കൂടുതൽ ചോദ്യങ്ങൾ

1. പാപത്തിന്റെ ഫലമായി ആദിമാതാപിതാക്കൾക്ക് നഷ്ടമായത് എന്തൊക്കെ?
2. ആദത്തിനും ഹവ്വായ്ക്കും ജനിച്ച പുത്രന്മാർ ആരെല്ലാം?
3. ആബേലിനെ കൊന്ന കായേൻ താമസിച്ചത് എവിടെയാണ്?
4. നാം എപ്പോഴൊക്കെയാണ് ദൈവത്തെ വേദനിപ്പിക്കുന്നത്?
5. മനുഷ്യന്റെ ഏറ്റവും വലിയ തെറ്റ് എന്താണ്?

പാഠം 4

# പാപത്തിന്റെ ഫലം നാശം

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

### ബോധ്യങ്ങൾ

1. പാപം ചെയ്ത മനുഷ്യനെ ദൈവം ശിക്ഷിച്ചു.
2. നല്ലവനായ നോഹയെ ദൈവം സംരക്ഷിച്ചു.
3. അഹങ്കാരികളെ ദൈവം ചിതറിക്കുന്നു.

### മനോഭാവങ്ങൾ

1. പാപം ചെയ്ത് നാം നാശത്തിൽ പതിക്കരുത്.
2. ദൈവത്തിന് പ്രീതികരമായ ജീവിതം നയിക്കണം.
3. അഹങ്കാരം അകറ്റി എളിമയിൽ വളരണം.

### ശീലങ്ങൾ:

1. എല്ലാവരോടും വിനയത്തോടെ പെരുമാറും.
2. നല്ല പ്രവൃത്തികളിലൂടെ മറ്റുള്ളവർക്ക് മാതൃക കാണിക്കും.
3. അഹങ്കാരം അകറ്റി എളിമയിൽ വളരാനായി ഇടയ്ക്കിടെ പ്രാർത്ഥിക്കണം.

## II. ബോധനോപാധികൾ

സമ്പൂർണ്ണ ബൈബിൾ, ജലപ്രളയത്തിന്റെ വിവിധ ചിത്രങ്ങൾ, ബാബേൽ ഗോപുരത്തിന്റെ ചിത്രം, മഴവില്ലിന്റെ ചിത്രവും പാട്ടും.

## III. പാഠാവതരണം

വളരെ പ്രസിദ്ധമായ ജലപ്രളയകഥയാണിതിലെ ഉള്ളടക്കം. ആ കഥ വർണ്ണിച്ചുകൊണ്ട് പാഠം തുടങ്ങാം. അക്കാലത്തെ ജനങ്ങളുടെ പാപാവസ്ഥ. ദൈവത്തിന്റെ കോപം, ശിക്ഷിക്കാൻ ഇടയായ സാഹചര്യം എന്നിവ വിവരിക്കാം. ദൈവപ്രീതിയിൽ ജീവിച്ച നോഹയെ വ്യക്തമായി അവതരിപ്പിക്കണം. നോഹയെ രക്ഷിക്കുവാനുള്ള ദൈവത്തിന്റെ തീരുമാനം, പെട്ടക നിർമ്മാണം എന്നിവയെല്ലാം ഊന്നിപ്പറയണം. പാപത്തിന് ശിക്ഷയുണ്ട് എന്ന ആശയം കുട്ടികൾക്ക് നൽകണം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**ഉത്തരം കണ്ടെത്താം**

1. നല്ലവനായ നോഹ ദൈവത്തിന് പ്രീതികരമായി ജീവിച്ചതു കൊണ്ടാണ് ദൈവം നോഹയിൽ സംപ്രീതനായത്.
2. ഭൂമിയിൽ പാപം പെരുകിവന്നു. മനുഷ്യന്റെ ദുഷ്ടത വർദ്ധിക്കുകയും ഹൃദയത്തിലെ ചിന്തയും ഭാവനയും ദുഷിക്കുകയും ചെയ്തു. അതുകൊണ്ടാണ് ദൈവം ജലപ്രളയം കൊണ്ട് ഭൂമിയെ ശിക്ഷിച്ചത്.
3. ഗോപുരം നിർമ്മിക്കാൻ ശ്രമിച്ചവരുടെ ഭാഷ അവർക്ക് മനസ്സിലാക്കാൻ പറ്റാത്തവിധം ഭിന്നിപ്പിച്ചാണ് ദൈവം അവരെ ചിതറിച്ചത്.

**പദസഞ്ചിയിൽ നിന്ന് കണ്ടെത്തി എഴുതുക.**

1. നോഹ
2. നാല്പത്
3. മഴവില്ല്
4. ബാബേൽ
5. ഉൽപത്തി

**ക്രമത്തിൽ എഴുതുക**

ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.
ദൈവം മനുഷ്യനെ സൃഷ്ടിച്ചു.
ആദവും ഹവ്വയും ദൈവത്തെ ധിക്കരിച്ചു.
കായേൻ ആബേലിനെ കൊന്നു.
ഭൂമിയിൽ ജലപ്രളയം ഉണ്ടായി.
ബാബേൽ ഗോപുരം നിർമ്മിക്കാൻ തുടങ്ങി.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. പെട്ടകത്തിലെ കഥകൾ

നോഹയുടെ പെട്ടകത്തിൽ ഭൂമിയിലെ സകല ജീവജാലങ്ങളും ഓരോ ജോഡി വീതം കയറിയല്ലോ. നാൽപതുദിവസം തുടർച്ചയായി മഴപെയ്തു. പിന്നീട് നൂറ്റമ്പതു ദിവസം വെള്ളപ്പൊക്കം നീണ്ടുനിന്നു. പിന്നെയാണ് വെള്ളമിറങ്ങാൻ തുടങ്ങിയത്. വെള്ളമിറങ്ങിയോ എന്നറിയാൻ നോഹ കാക്കയെയും പ്രാവിനെയും പറത്തിവിട്ട കഥ കുട്ടികൾക്ക് ഇഷ്ടപ്പെടും. ഉൽപത്തി 8:1-19 വാക്യങ്ങൾ ക്ലാസ്സിൽ വായിക്കുകയോ വിവരിക്കുകയോ ചെയ്യുന്നത് നല്ലതാണ്.

പെട്ടകത്തിലെ മൃഗങ്ങളുമായി ബന്ധപ്പെട്ട രസകരങ്ങളായ പല കഥകളുമുണ്ട്. കൊച്ചുകുട്ടികൾക്ക് ഇണങ്ങുന്ന കഥകൾ കിട്ടുമെങ്കിൽ ക്ലാസ്സിൽ അവതരിപ്പിക്കാം.

**2. ബാബേൽ ഗോപുരം**

പാഠത്തിൽ ബാബേൽ ഗോപുരകഥ സൂചിപ്പിച്ചിട്ടേയുള്ളു. അത് വിശദീകരിക്കാൻ ഉൽപത്തി 11:1-9 ഉപയോഗിക്കാം.

**3. ഭാഷ അറിയാമോ?**

ഇതൊരു കളിയാണ്. ചെറിയ നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകുന്നു. ഉദാ : എഴുന്നേറ്റു നിൽക്കുക, കൈകൂപ്പുക, കണ്ണടയ്ക്കുക, ചെവി പൊത്തുക... കുട്ടികൾ നിർദ്ദേശം പാലിക്കുന്നു. തുടർന്ന് അറിയാത്ത ഭാഷയിൽ (ഇല്ലാത്ത കൃത്രിമഭാഷയിൽ) നിർദ്ദേശം നൽകുന്നു. കുട്ടികൾക്ക് അനുസരിക്കാൻ കഴിയുന്നില്ല - ഈ കളിയുടെ ആശയം വ്യക്തമാക്കിക്കൊടുക്കുമല്ലോ? ബാബേലിൽ സംഭവിച്ചതിതാണ്.

**4. ജോഡികളെ കണ്ടെത്താം**

കുട്ടികൾക്കിഷ്ടപ്പെടുന്ന ഒരു കളിയാണിത്. കാക്ക, പൂച്ച, പട്ടി, ആട് തുടങ്ങിയ വിവിധ ജീവജാലങ്ങളുടെ പേരെഴുതിയ (രണ്ടുവീതം) സ്ലിപ്പുകൾ കുട്ടികൾക്ക് ഓരോന്ന് നൽകുന്നു. കാക്ക എന്നു കിട്ടിയ കുട്ടി 'കാകാ' എന്നു കരഞ്ഞ് ജോഡിയെ കണ്ടെത്തണം. കാക്ക എന്നു കിട്ടിയ മറ്റേ കുട്ടി ആദ്യത്തെക്കുട്ടിയോടു ചേരണം. അവർ ഒരുമിച്ചു പെട്ടകത്തിൽ കയറണം. ഒരിടത്ത് പെട്ടകമെന്നു സൂചിപ്പിക്കാൻ വലിയൊരു വൃത്തം വരച്ചാൽ മതി. എല്ലാ കുട്ടികളും ജോഡികളെ കണ്ടെത്തി പെട്ടകത്തിൽ പ്രവേശിക്കട്ടെ.

## പാഠം 5

# രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

**ബോധ്യങ്ങൾ**

1. പാപികളെയും സ്നേഹിക്കുന്നവനാണ് ദൈവം.
2. പാപികളെ രക്ഷിക്കാൻ ദൈവം തന്നെ വഴിയൊരുക്കും.
3. ഇസ്രായേൽ എന്നാൽ ദൈവത്തിന്റെ ജനം എന്നാണർത്ഥം.

**മനോഭാവങ്ങൾ**

1. നമ്മുടെ ജീവിതത്തിൽ തെറ്റുകൾ വന്നാലും നാം ദൈവത്തിന്റെ മക്കൾ തന്നെയാണ്.
2. ദൈവം ഒരിക്കലും നമ്മെ കൈവിടുകയില്ല.
3. ദൈവത്തിന്റെ പദ്ധതികളോട് നാം സഹകരിക്കണം.

**ശീലങ്ങൾ:**

1. തെറ്റുചെയ്താൽ ദൈവത്തോട് മാപ്പുചോദിക്കും.
2. ആരെയെങ്കിലും വേദനിപ്പിച്ചാൽ അവരോട് മാപ്പു ചോദിക്കും.
3. ആരെങ്കിലും എന്നോട് തെറ്റുചെയ്താൽ അവരോട് ക്ഷമിക്കും.

## II. ബോധനോപാധികൾ

സമ്പൂർണ്ണ ബൈബിൾ, 'ഇസ്രായേൽ' എന്നു തുടങ്ങുന്ന ഭക്തിഗാനങ്ങൾ അബ്രാഹം മുതൽ മോശവരെയുള്ളവരുടെ ചിത്രങ്ങൾ.

## III. പാഠാവതരണം

വീട്ടിൽ വച്ച് തെറ്റു ചെയ്താൽ മാതാപിതാക്കൾ എന്തുചെയ്യും? സ്കൂളിൽ വച്ചാണെങ്കിൽ അധ്യാപകർ എന്തുചെയ്യും? ശിക്ഷിക്കും. അതു കഴിഞ്ഞാൽ വെറുക്കുമോ? ഉപേക്ഷിക്കുമോ?

കുട്ടികൾ ഉത്തരം പറയട്ടെ. അവ ക്രോഡീകരിച്ച് ക്ഷമിക്കുന്ന സ്നേഹത്തിലേയ്ക്ക് നയിക്കണം. തുടർന്ന് പാഠം അവതരിപ്പിക്കാം. പാഠാവതരണത്തിന്റെ വിവിധ സന്ദർഭങ്ങളിൽ അബ്രാഹം മുതലുള്ള വരുടെ ചിത്രങ്ങൾ കാണിക്കാം.

# IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**ഉത്തരം കണ്ടെത്താം**

1. ദൈവം പറഞ്ഞതനുസരിച്ച് അബ്രാഹം കാനാൻ ദേശത്താണ് താമസമാക്കിയത്.
2. അബ്രാഹത്തിന്റെ പുത്രന്റെ പേര് ഇസഹാക്ക് എന്നാണ്.
3. ഇസ്രായേൽ എന്ന വാക്കിന്റെ അർത്ഥം ദൈവത്തിന്റെ സ്വന്തം ജനം എന്നാണ്.

**കടങ്കഥ**

ഉത്തരം കണ്ടെത്താൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. ബൈബിൾ ഭാഗം വായിച്ചു കേൾപ്പിക്കണം.

ഉത്തരം : അബ്രാഹം

**കണ്ടെത്താം കളിക്കാം**

1. അബ്രാഹം
2. ഈശോ
3. ഹാരാൻ
4. പന്ത്രണ്ട്

**മുദ്രാവാക്യം ഏറ്റു ചൊല്ലാം**

പാഠപുസ്തകത്തിലുള്ള മുദ്രാവാക്യം ഉറക്കെ ഏറ്റുവിളിക്കാൻ അവസരം കൊടുക്കണം. പിന്നീട് അതുപോലുള്ളവ നിർമ്മിക്കാൻ ആവശ്യപ്പെടണം. പ്രാസഭംഗിയുള്ള വാക്കുകൾ അടുക്കിവച്ച്, ആശയവും ശരിയായാൽ മുദ്രാവാക്യമായി. കുട്ടികൾ നിർമ്മിക്കുന്ന മുദ്രാവാക്യങ്ങളിൽ ചെറിയ തിരുത്തലുകൾ ആവശ്യമെങ്കിൽ ചെയ്യാം.

മാതൃക:

1. ദൈവം നമ്മുടെ താതൻ,

   സ്വർഗ്ഗം നമ്മുടെ വീട്

2. നമ്മൾ ദൈവമക്കൾ,

   യേശുവിന്റെ കൂട്ടുകാർ

3. സ്വർഗ്ഗം നമ്മുടെ ലക്ഷ്യം,

   യേശു നമ്മുടെ നേതാവ്

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. കഥകൾ കഥകൾ

അബ്രാഹം-ഇസഹാക്ക്-യാക്കോബ്-ജോസഫ് എന്നിങ്ങനെ നീളുന്ന പരമ്പരയിൽ രസകരങ്ങളായ അനേകം കഥകളും കഥാസന്ദർഭങ്ങളുമുണ്ട്. ഏസാവിന്റെ പായസക്കൊതി, അനുഗ്രഹം വാങ്ങുന്ന യാക്കോബ്, ജോസഫിന്റെ സ്വപ്നങ്ങൾ.... ഇതെല്ലാം കുട്ടികൾക്ക് വർണ്ണിച്ചുകൊടുക്കുന്നത് ഉപകാരപ്രദമായിരിക്കും. ഉചിതമായ ചിത്രങ്ങളും കാണിക്കണം.

### 2. ഗാനവേദി

ഇസ്രായേൽ എന്ന വാക്കു ചേർത്തുള്ള ഭക്തിഗാനങ്ങൾ കുട്ടികൾ കേട്ടിട്ടുണ്ടാവും. അവ ഏതൊക്കെയെന്ന് അന്വേഷിക്കാം. ഗ്രൂപ്പായി തിരിച്ച് അത്തരം പാട്ടുകൾ പാടിക്കാം.

ഉദാ:- 1. ഇസ്രായേലിൻ നാഥനായി വാഴുമേക....

2. ഇസ്രായേലിൻ നായകാ...

### 3. കൂടുതൽ ചോദ്യങ്ങൾ

1. അബ്രാഹം ആദ്യം താമസിച്ചിരുന്ന സ്ഥലമേത്?
2. അബ്രാഹത്തിന്റെ ഭാര്യയുടെ പേരെന്ത്?
3. ആരെയാണ് ഇസ്രായേൽക്കാർ എന്നു വിളിക്കുന്നത്?
4. യാക്കോബിന് എത്ര പുത്രന്മാർ ഉണ്ടായിരുന്നു?

## പാഠം 6

# രക്ഷയിലേക്കു നയിക്കുന്ന ദൈവം

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

### ബോധ്യങ്ങൾ

1. ദൈവം തന്റെ ജനമായ ഇസ്രായേലിനെ അപകടങ്ങളിൽ നിന്ന് കാത്തു രക്ഷിച്ചു.
2. ദൈവം അവരെ കാനാൻ ദേശത്തേയ്ക്ക് നയിച്ചു.
3. ദൈവം നമ്മെ സ്വർഗ്ഗത്തിലേയ്ക്ക് നയിക്കുന്നു.

### മനോഭാവങ്ങൾ

1. അപകടങ്ങൾ ഉണ്ടാകുമ്പോൾ ദൈവത്തിൽ പ്രത്യാശ വയ്ക്കണം.
2. ദൈവം കൂടെയുള്ളതിനാൽ നാം ഒട്ടും ഭയപ്പെടേണ്ടതില്ല.
3. സ്വർഗ്ഗരാജ്യത്തെ ലക്ഷ്യമാക്കി നാം ജീവിക്കണം.

### ശീലങ്ങൾ:

1. വേദനകൾ ഉണ്ടാകുമ്പോൾ ദൈവത്തെ വിളിച്ചപേക്ഷിക്കും.
2. വേദനിക്കുന്ന സഹോദരങ്ങൾക്കായി പ്രാർത്ഥിക്കും; പ്രവർത്തിക്കും.
3. ആപത്തുകളിൽ നിന്ന് രക്ഷിക്കുന്ന ദൈവത്തോട് നന്ദിപറയും.

## II. ബോധനോപാധികൾ

സമ്പൂർണ്ണ ബൈബിൾ, പാഠഭാഗവുമായി ബന്ധമുള്ള ചിത്രങ്ങൾ, ബൈബിൾ കഥകൾ.

## III. പാഠാവതരണം

വളരെ മനോഹരമായി കഥ പറയാൻ കഴിയുന്ന പാഠമാണിത്. ഇസ്രായേൽക്കാരെ ഈജിപ്തുകാർ പീഡിപ്പിക്കുന്ന രംഗങ്ങൾ അവതരിപ്പിക്കാം. അടിമകളായിത്തീർന്ന ഒരു സമൂഹത്തിന്റ കഥയാണ് പറയേണ്ടത്. ഒടുവിൽ ദൈവം മോശയിലൂടെ അവരുടെ മോചനത്തിന് വഴിതുറക്കുന്നു. ദൈവം ചെയ്യുന്ന അത്ഭുതകൃത്യങ്ങൾ മനോഹരമായി

വർണ്ണിച്ചു കേൾപ്പിക്കുകയും അതേക്കുറിച്ചുള്ള ചിത്രങ്ങൾ കാണിക്കുകയും ചെയ്യണം. അത്ഭുതകരമായി ചെങ്കടൽ കടക്കുന്ന കാര്യം കുട്ടികൾ ആഹ്ലാദത്തോടെ കേട്ടിരിക്കും. എല്ലാ അപകടങ്ങളിൽ നിന്നും കാത്തുരക്ഷിക്കുന്ന നല്ല ദൈവത്തിന്റെ ചിത്രം ഈ പാഠത്തിലൂടെ കുട്ടികൾക്കു മുന്നിൽ അവതരിപ്പിക്കണം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### ഉത്തരം കണ്ടെത്താം

1. ഇസ്രായേൽക്കാരെ ഈജിപ്തിൽ നിന്ന് മോചിപ്പിക്കുന്നതിനാണ് ദൈവം മോശയെ തെരഞ്ഞെടുത്തത്.
2. മോശ വഴി ദൈവം വലിയ അത്ഭുതങ്ങൾ പ്രവർത്തിച്ചു. പത്തു ബാധകൾ അയച്ച് ദൈവം ഈജിപ്തുകാരെ ശിക്ഷിച്ചു. മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽക്കാരെ അടിമത്തത്തിൽ നിന്ന് രക്ഷിച്ചു.
3. ദൈവം മോശയ്ക്ക് സഹായിയായി നൽകിയത് അഹറോനെയാണ്.
4. ദൈവം ഇസ്രായേൽക്കാരെ നയിച്ചത് കാനാൻദേശത്തേക്കാണ്.

### പദപ്രശ്നം

ഉത്തരം കണ്ടെത്താൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം.

ഉത്തരം : കാനാൻദേശം

### ബൈബിൾ നോക്കി പൂരിപ്പിക്കുക

പൂരിപ്പിക്കേണ്ട വാക്കുകൾ:
മോശ, മുഴുവൻ, കടലിനെ, വരണ്ട

### എന്റെ തീരുമാനം

പ്രയാസങ്ങളുണ്ടാകുമ്പോൾ ദൈവത്തെ വിളിച്ചപേക്ഷിക്കുവാനുള്ള ഒരു പ്രാർത്ഥന കുട്ടികൾക്ക് ചൊല്ലിക്കൊടുക്കുകയോ എഴുതിക്കൊടുക്കുകയോ ചെയ്യുന്നത് നല്ലതാണ്. കുട്ടികളുടെ ജീവിതത്തിൽ ഇത്തരം സന്ദർഭങ്ങൾ ചൂണ്ടിക്കാട്ടുകയും ചെയ്യാം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. തേനും പാലും

തേനും പാലും ഒഴുകുന്ന കാനാൻദേശം എന്ന പ്രയോഗത്തിന്റെ ആശയം കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കണം. ക്ലേശങ്ങൾക്കു ശേഷം ഉണ്ടാകുന്ന സന്തോഷത്തിന്റെ അനുഭവം ചൂണ്ടിക്കാണിക്കാം.

## 2. രക്ഷിക്കുന്ന ദൈവം

ദൈവം രക്ഷിച്ച എന്തെങ്കിലും അനുഭവം പങ്കുവയ്ക്കുന്നത് നല്ല താണ്. കുട്ടികളെക്കൊണ്ട് പറയിക്കുകയുമാവാം.

## 3. നന്ദി ചൊല്ലാം

ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദിപറഞ്ഞുകൊണ്ട് ചൊല്ലാൻ പറ്റിയ ഒരു പ്രാർത്ഥന പഠിപ്പിക്കുന്നത് ഉചിതമാണ്. ഏതൊരു ചെറിയ കാര്യത്തിനും നന്ദിചൊല്ലി പ്രാർത്ഥിക്കുന്നത് ഒരു ശീലമാക്കാൻ പ്രേരിപ്പിക്കണം.

## 4. കൂടുതൽ ചോദ്യങ്ങൾ

1. ഇസ്രായേൽക്കാരെ പീഡിപ്പിച്ച രാജാവിന്റെ പേരെന്ത്?
2. മുൾപ്പടർപ്പിൽ ദൈവം മോശയ്ക്ക് പ്രത്യക്ഷപ്പെട്ടത് എവിടെ?
3. മോശയുടെ സഹോദരന്റെ പേരെന്ത്?
4. ഇസ്രായേൽ അത്ഭുതകരമായി കടന്നുപോയ കടൽ ഏത്?

## പാഠം 7

# കല്പനകൾ: ജീവന്റെ വഴികൾ

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

### ബോധ്യങ്ങൾ

1. ദൈവം നമുക്ക് കല്പനകൾ നൽകിയിരിക്കുന്നു.
2. കല്പനകൾ പാലിച്ച് ജീവിച്ചാൽ നാം ദൈവത്തിന്റെ സ്വന്തം ജനമായിരിക്കും.
3. സ്വർഗ്ഗരാജ്യത്തെ ലക്ഷ്യമാക്കിയുള്ള യാത്രയിൽ ദൈവകല്പനകൾ വഴികാട്ടികളാണ്.

### മനോഭാവങ്ങൾ

1. ദൈവകല്പനകൾ നാം അനുസരിക്കണം.
2. ദൈവകല്പനകൾ പാലിച്ചുകൊണ്ട് നാം ദൈവത്തെ സ്നേഹിക്കണം.
3. നിയമങ്ങൾ ലംഘിക്കാനല്ല പാലിക്കാനാണ് നാം ശ്രമിക്കേണ്ടത്.

### ശീലങ്ങൾ:

1. ദൈവകല്പനകൾ ഞാൻ ഹൃദിസ്ഥമാക്കും.
2. ദൈവകല്പനകളുടെ അർത്ഥം ഗ്രഹിക്കാൻ ഞാൻ ശ്രമിക്കും.
3. ദൈവകല്പനകൾ ഞാൻ പാലിക്കും.

## II. ബോധനോപാധികൾ

സമ്പൂർണ്ണ ബൈബിൾ, കാർഡ്ബോർഡിലോ, ചാർട്ടിൽ എഴുതിയ 10 കല്പനകൾ, ചെറിയൊരു ഡപ്പിയും അതിൽ 1 മുതൽ 10 വരെ നമ്പറുകളെഴുതിയ സ്ലിപ്പുകളും.

## III. പാഠാവതരണം

കുട്ടികൾക്ക് പരിചയമുള്ള ചെറിയൊരു കളി നടത്താം. അതിലെ നിർദ്ദേശങ്ങൾ കൃത്യമായി നൽകണം. കളിക്കുശേഷം ഒരു ചെറിയ ചർച്ചയാകാം. കളിയിൽ നിർദ്ദേശങ്ങൾ ഇല്ലെങ്കിൽ എന്തുപറ്റും?

നിർദ്ദേശം മനസ്സിലായില്ലെങ്കിൽ എന്തു പറ്റും? നന്നായി കളിക്കാൻ പറ്റില്ല. കളിയിൽ വിജയം നേടാൻ കഴിയില്ല.

മറ്റൊരു ഉദാഹരണം - നാം ഒരു സ്ഥലത്തേക്കു പോകുമ്പോൾ വഴി അറിയാൻ എന്തു ചെയ്യും? ആരോടെങ്കിലും ചോദിക്കും. വഴി യിൽ വച്ചിട്ടുള്ള ബോർഡുകൾ ശ്രദ്ധിക്കും. അങ്ങനെ നേർവഴിയിലൂടെ ലക്ഷ്യത്തിലെത്താം.

ഇതുപോലെ ദൈവം സ്വന്തം ജനത്തിന്, ശരിയായി ജീവിച്ച് ലക്ഷ്യ ത്തിലെത്താൻ ചില നിർദ്ദേശങ്ങൾ നൽകി. അതാണ് കല്പനകൾ.

ഇനി പാഠത്തിലേക്ക് കടക്കാം.

# IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### ഉത്തരം കണ്ടെത്താം

1. ദൈവം പത്തുപ്രമാണങ്ങൾ മോശയ്ക്കു നൽകിയത് സീനാ യ്മലയിൽ വച്ചാണ്.
2. ദൈവത്തിന്റെ വാക്കുകൾ കേൾക്കുകയും അവിടുത്തെ ഉട മ്പടി പാലിക്കുകയും ചെയ്താൽ നാം ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ട സ്വന്തം ജനമായിത്തീരും.
3. പത്തു കല്പനകൾ രണ്ടു കല്പനകളിലാണ് സംഗ്രഹിച്ചിരി ക്കുന്നത്. എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കണം. തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കണം.
4. ജീവനിലേയ്ക്കുള്ള വഴികൾ ദൈവകല്പനകളാണ്.

### കടങ്കഥ

ഉത്തരം : പത്തു കല്പനകൾ

### എന്റെ തീരുമാനം

ദൈവകല്പനകൾ പാലിക്കാനുള്ള തീരുമാനം കുട്ടികൾ എടു ക്കുന്നതിനുമുമ്പ്, അവയെക്കുറിച്ച് വിശദമാക്കിക്കൊടുക്കണം. കൊച്ചു കുട്ടികളെ സംബന്ധിച്ച് കൂടുതൽ പ്രസക്തമായ കല്പനകളെ വ്യാഖ്യാ നിക്കുകയും അവരുടേതായ സാഹചര്യങ്ങളിൽ വിശദമാക്കിക്കൊടു ക്കുകയും വേണം.

ഉദാ : മാതാപിതാക്കന്മാരെ ബഹുമാനിക്കണം - മാതാപിതാക്കൾ, അധ്യാപകർ, വൃദ്ധജനങ്ങൾ, മുതിർന്നവർ ഇവരോടെല്ലാം ബഹുമാ നപൂർവ്വം പെരുമാറണം.

മോഷ്ടിക്കരുത് - ആരുടെയും വസ്തുക്കൾ അനുവാദം കൂടാതെ എടുക്കരുത്. കളഞ്ഞുകിട്ടുന്ന വസ്തുക്കൾ സ്വന്തമാക്കരുത്. ധൂർത്തടിക്കരുത്, അതിനായി വാശിപിടിക്കരുത്.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. നിയമങ്ങളെ അറിയുക

സ്കൂളിൽ നിയമങ്ങളില്ലേ? എന്തൊക്കെയാണവ? അവ പാലിക്കുന്നത് എന്തിനാണ്? അതുപോലെ നിയമങ്ങൾ ഉള്ളത് എവിടെയൊക്കെയാണ്? ചർച്ച ചെയ്യാം. മനുഷ്യ നിർമ്മിതങ്ങളാണ് അവയൊക്കെ. അവയും പാലിക്കേണ്ടത് ആവശ്യമാണ്.

ദൈവനിർമ്മിതമാണ് ദൈവകല്പനകൾ.

അവ പരിപാലിക്കേണ്ടത് അത്യാവശ്യമാണ്.

### 2. പഠിക്കാം, കളിക്കാം

ഇതൊരു പരിശോധനാകളി (Test Game) യാണ്. ബോൾ പാസ്സിംഗ് മാതൃകയിൽ കുട്ടികളെ വൃത്താകൃതിയിൽ ഇരുത്തുക. 1 മുതൽ 10 വരെ നമ്പറുകളെഴുതിയ സ്ലിപ്പുകളിട്ട ഡപ്പി ബോളിനു പകരം കൈമാറുന്നു. കയ്യടി കേൾക്കുമ്പോൾ ആരുടെ കയ്യിലാണോ ഡപ്പി ഇരിക്കുന്നത്, അയാൾ അതിൽ നിന്ന് ഒരു സ്ലിപ്പ് എടുത്ത് ആ നമ്പറിലുള്ള ദൈവകല്പന ഉറക്കെ പറയണം. കളി തുടരുന്നു. കുട്ടികൾ കല്പനകൾ പഠിച്ചുകഴിഞ്ഞതിനു ശേഷം നടത്തേണ്ടതാണ് ഈ കളി.

### 3. കൂടുതൽ ചോദ്യങ്ങൾ

1. ദൈവം മോശയ്ക്ക് പത്തു കല്പനകൾ നൽകിയത് എന്തിലാണ്?
2. ദൈവികജീവനിൽ വളരാൻ നാം എന്തുചെയ്യണം?
3. ദൈവകല്പനകൾ നമ്മെ എന്തൊക്കെ പഠിപ്പിക്കുന്നു?

## പാഠം 8

# കല്പനകളുടെ ലംഘനം: പാപം

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

### ബോധ്യങ്ങൾ

1. പാപം ദൈവകല്പനകളുടെ ലംഘനമാണ്.
2. ദൈവകല്പനകൾ ലംഘിക്കുന്നതിനുള്ള പ്രേരണകളാണ് പ്രലോഭനങ്ങൾ.
3. പ്രാർത്ഥന വഴി പ്രലോഭനങ്ങളെ അതിജീവിക്കാം.

### മനോഭാവങ്ങൾ

1. ദൈവമക്കളായ നമ്മൾ ദൈവകല്പനകളെ ആദരിക്കണം.
2. ദൈവത്തെയും മനുഷ്യരെയും സ്നേഹിക്കാൻ നാം എപ്പോഴും ശ്രദ്ധിക്കണം.
3. സാത്താന്റെ പ്രേരണകളെ എതിർത്തു തോല്പിക്കണം.

### ശീലങ്ങൾ:

1. പാപത്തെ ഞാൻ എന്നും വെറുക്കും.
2. സഹോദരങ്ങളോട് സ്നേഹത്തോടെ പെരുമാറും.
3. തെറ്റുചെയ്യാനുള്ള പ്രേരണകളുണ്ടാവുമ്പോൾ ഞാൻ ഈശോയോട് പ്രാർത്ഥിച്ച് ശക്തിനേടും.

## II. ബോധനോപാധികൾ

സമ്പൂർണ്ണ ബൈബിൾ, പലതരം ചിത്രങ്ങൾ.

## III. പാഠാവതരണം

ആദത്തെയും ഹവ്വായെയും പ്രലോഭിപ്പിച്ച സാത്താൻ വെറുതെയിരുന്നില്ല. വൃക്ഷത്തിന്റെ ഫലം കഴിക്കരുതെന്ന് ദൈവം പറഞ്ഞു. കഴിക്കണമെന്ന് സാത്താൻ പറഞ്ഞു. കല്പനകൾ നൽകിയിട്ട് അതനുസരിക്കണമെന്ന് ദൈവം കല്പിച്ചു. ഇന്നും തെറ്റുകൾ ചെയ്യാൻ സാത്താൻ മനുഷ്യരെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഈ ആശയം ആമുഖമായി കുട്ടികൾക്കിണങ്ങും വിധം അവതരിപ്പിക്കാം. ദൈവകല്പനകൾ ലംഘിക്കുന്നത് സൂചിപ്പിക്കുന്ന ചിത്രങ്ങൾ ഉണ്ടെങ്കിൽ അവ കാണിച്ച് വിശദീകരിക്കാം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**ഉത്തരം കണ്ടെത്താം**

1. ദൈവകല്പനകളുടെ ലംഘനമാണ് പാപം.
2. ദൈവകല്പനകൾ ലംഘിക്കുവാൻ ഉണ്ടാകുന്ന പ്രേരണകളെയാണ് പ്രലോഭനങ്ങൾ എന്നു പറയുന്നത്.
3. ദൈവത്തെ സ്നേഹിക്കുന്നവരാവാൻ നാം ദൈവത്തിന്റെ കല്പനകൾ അനുസരിച്ച് ജീവിക്കണം.
4. പത്തുകല്പനകളെ രണ്ടായി സംഗ്രഹിക്കാം. എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കുക, നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക.

**ദൈവകല്പനകൾ**

പദസഞ്ചിയിൽ നിന്ന് ചേരുന്നവ എടുത്തെഴുതുന്നതിനുമുമ്പ്, അവ കുട്ടികളോട് പറയാൻ ആവശ്യപ്പെടണം.

| **പാലിച്ചാൽ** | **ലംഘിച്ചാൽ** |
|---|---|
| ജീവൻ | വെറുപ്പ് |
| സൗഭാഗ്യം | സങ്കടം |
| സംതൃപ്തി | നിരാശ |
| ഐശ്വര്യം | നാശം |
| അനുഗ്രഹം | |

**എന്റെ തീരുമാനം**

നല്ല കുട്ടിയായി വളരാനുള്ള അനുഗ്രഹത്തിനായുള്ള ഒരു കൊച്ചു പ്രാർത്ഥന കുട്ടികളെ പഠിപ്പിക്കുന്നത് നല്ലതാണ്. അവരുടെ തീരുമാനം നടപ്പിലാക്കാൻ അതു സഹായിക്കും.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

**1. കാളക്കുട്ടിയുടെ കഥ**

പുറപ്പാട് 32:1-6 ൽ കാളക്കുട്ടിയെ ആരാധിക്കുന്ന ഭാഗം വിവരിച്ചിട്ടുണ്ട്. അത് കുട്ടികളെ വായിച്ചു കേൾപ്പിക്കാം. അവർ ചെയ്ത തെറ്റ് വ്യക്തമാക്കാം.

## 2. പ്രാർത്ഥനയുടെ ശക്തി

ലൂക്കാ 22:39-46 ക്ലാസ്സിൽ വായിച്ച് പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച് കുട്ടികൾക്ക് ബോധ്യം നൽകാം. സമാനമായ അനുഭവകഥകളുണ്ടെങ്കിൽ പറയുന്നതും നല്ലതാണ്.

## 3. പറയാം പറയാം

കുട്ടികൾക്ക് ഉണ്ടാകുന്ന പ്രലോഭനങ്ങൾ എന്തൊക്കെയാവാം? സ്വതന്ത്രമായി പറയാൻ അനുവദിച്ചാൽ ഒത്തിരി കാര്യങ്ങൾ പറയും. അവയെ എങ്ങനെ തടയാമെന്നുകൂടി ചർച്ചചെയ്യാൻ മറക്കരുത്.

## 4. കൂടുതൽ ചോദ്യങ്ങൾ

1. കല്പനകൾ നമുക്കു കാണിച്ചു തരുന്നതെന്താണ്?
2. സ്വർഗ്ഗരാജ്യത്തെ ലക്ഷ്യം വച്ചുള്ള യാത്ര തുടരേണ്ട പാളങ്ങൾ ഏതൊക്കെ?
3. നമുക്ക് പ്രലോഭനങ്ങൾ നൽകുന്നത് ആരാണ്?
4. പ്രലോഭനങ്ങളെ അതിജീവിക്കാൻ എന്തുചെയ്യണം?

# പാഠം 9
# കല്പനകൾ പാലിച്ച ഈശോ

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

### ബോധ്യങ്ങൾ

1. ഈശോ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ചു.
2. ഈശോ ദൈവത്തിനും മനുഷ്യർക്കും ഇഷ്ടപ്പെട്ടവനായി വളർന്നു.
3. സഭാമക്കൾ പാലിക്കേണ്ട നിയമങ്ങളാണ് തിരുസഭയുടെ കല്പനകൾ.

### മനോഭാവങ്ങൾ

1. ഈശോയുടെ ജീവിതമാതൃക നാം സ്വന്തമാക്കണം.
2. നമ്മൾ എല്ലാവരുടെയും പ്രീതിയിൽ വളരാൻ ശ്രമിക്കണം.
3. തിരുസ്സഭയുടെ കല്പനകൾ നാം അനുസരിക്കണം.

### ശീലങ്ങൾ:

1. എല്ലായ്പോഴും അനുസരണം പാലിക്കും.
2. കടമകൾ നിറവേറ്റാൻ ഉത്സാഹിക്കും.
3. മറ്റുള്ളവർക്ക് ഇഷ്ടപ്പെടുന്ന വിധത്തിൽ പ്രവർത്തിക്കും.

## II. ബോധനോപാധികൾ

ബൈബിൾ പുതിയ നിയമം, ലൂക്കാ 2:52 വലുതായി എഴുതിയ ചാർട്ട്, ബാലനായ ഈശോയുടെ വിവിധ ചിത്രങ്ങൾ, ക്രിസ്തുഗാഥാ മഹാകാവ്യം, ആക്ഷൻ സോങ്ങ്സ്-പുസ്തകം.

## III. പാഠാവതരണം

മൂന്നാം ക്ലാസ്സിൽ ഈശോയെ ആദ്യമായി പരിചയപ്പെടുത്തുന്ന പാഠമാണിത്. ഈശോയാണ് നമ്മുടെ കേന്ദ്രം. അതിലേയ്ക്കുള്ള ആമുഖമായിരുന്നു ഒരർത്ഥത്തിൽ ഇതുവരെയുള്ള പാഠങ്ങൾ.

ബാലനായ ഈശോ, കല്പനകൾ പാലിച്ച ഈശോ, എല്ലാവരുടെയും പ്രീതിയിൽ വളർന്ന ഈശോ... ഈ ഈശോയെ മാതൃകയാക്കി

വളരേണ്ടവരാണ് കുട്ടികൾ എന്ന ആശയമാണ് ഈ പാഠത്തിൽ നൽകേണ്ടത്. ബാലനായ ഈശോയുടെ വിവിധ ചിത്രങ്ങൾ കാണിക്കാം. പഴയനിയമ കഥാപാത്രങ്ങളേക്കാൾ അടുപ്പം കുട്ടികൾക്ക് ഈശോയോടുണ്ട്.

നിങ്ങളുടെ പ്രായത്തിൽ ഈശോ എന്തെല്ലാം ചെയ്തുകാണും? എന്ന് കുട്ടികളോടു ചോദിച്ച് ചെറിയൊരു ചർച്ചയാകാം... തുടർന്ന് താഴെക്കാണുന്ന വരികൾ ഈണത്തിൽ ചൊല്ലിക്കേൾപ്പിക്കാം.

"അമ്മയോടോരോന്നു കൊഞ്ചിപ്പറയുകയും
അമ്മിഞ്ഞപ്പാലുണ്ടുറങ്ങുകയും
അമ്മതൻ കൈപിടിച്ചങ്ങിങ്ങു പോകയും
സാമ്മോദം പൂണ്ടും ചിരിക്കുകയും
കുഞ്ഞാടിൻ കാതിൽ പിടിച്ചു വലിക്കയും
കുഞ്ഞില തീറ്റയായ് നൽകുകയും
അമ്മയുമച്ഛനുമൊന്നിച്ചു പ്രാർത്ഥിക്കാ-
നുൺമയിൽ കുഞ്ഞുകൈ കൂപ്പുകയും
നീർച്ചോല തന്നിൽപ്പോയ് വെള്ളമെടുക്കാനും
പാഴ്ചേലയോരോന്നലക്കുവാനും
തീയെരിക്കുന്ന വിറകു പെറുക്കാനും
കായും കിഴങ്ങുമരിയുവാനും...
..........................................................................................

(ക്രിസ്തുഗാഥ - പ്രൊഫ. മാത്യു ഉലകംതറ)

ബാലനായ ഈശോയെപ്പോലെയാണ് ബാലകരായ തങ്ങളും വളരേണ്ടതെന്ന ചിന്ത കുട്ടികളിൽ ഉണർത്താൻ തക്കവിധത്തിലാവണം പാഠാവതരണം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**ഉത്തരം കണ്ടെത്താം**

1. ഈശോ മാതാപിതാക്കൾക്ക് വിധേയനായിട്ട് ജീവിച്ചത്.
2. നസ്രത്തിലെ ഒരു കൊച്ചുവീട്ടിലാണ് ഈശോ വളർന്നു വന്നത്.
3. ദൈവകല്പനകളും തിരുസഭയുടെ കല്പനകളുമാണ് നാം പാലിക്കേണ്ടത്.
4. ദുക്റാന, മാതാവിന്റെ സ്വർഗാരോപണതിരുനാൾ, ക്രിസ്തുമസ് എന്നിവയാണ് കടപ്പെട്ട തിരുനാളുകൾ.

**മനഃപാഠമാക്കുക**

തിരുസഭയുടെ കല്പനകൾ ആവർത്തിച്ചു ചൊല്ലിപഠിപ്പിക്കാൻ നിർദ്ദേശിക്കാം. അവ മനഃപാഠമാക്കി ചൊല്ലിക്കേൾപ്പിക്കാനുള്ള ആകർഷകമായ അവസരങ്ങൾ സൃഷ്ടിക്കുന്നത് നല്ലതാണ്.

**ക്രമത്തിൽ എഴുതുക:**

- പന്ത്രണ്ടു വയസ്സുള്ളപ്പോൾ തിരുനാളിനു പോയി.
- ഈശോയെ ദൈവാലയത്തിൽ കണ്ടെത്തി.
- ഈശോ ദൈവാലയത്തിൽ വച്ച് ചോദ്യങ്ങൾ ചോദിച്ചു.
- ഈശോയെക്കണ്ട് മാതാപിതാക്കൾ വിസ്മയിച്ചു.
- ഈശോ നസറത്തിൽ വന്ന് മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ചു.

**എഴുതാം എഴുതാം**

നാം ചെയ്യാറുള്ള കാര്യങ്ങൾ

1. മാതാപിതാക്കളെ സഹായിക്കും.
2. പള്ളിയിൽ പോയി പ്രാർത്ഥിക്കും.
3. തിരുനാളിനു പോകും.
4. വേദപാഠം പഠിക്കും.

**എന്റെ തീരുമാനം**

എടുത്ത തീരുമാനം നടപ്പിൽ വരുത്തുന്നുണ്ടോയെന്ന് പരിശോധിക്കണം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. എപ്പോഴും കാണാൻ

തിരുസഭയുടെ കല്പനകൾ, കടപ്പെട്ട തിരുനാളുകൾ, ഉപവാസ ദിനങ്ങൾ തുടങ്ങിയവയൊക്കെ ചാർട്ടുപേപ്പറിലോ കാർഡ്ബോർഡിലോ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നത് എപ്പോഴും കാണാനും ഓർമ്മ പുതുക്കാനും സഹായിക്കും.

### 2. ആസ്വദിക്കാൻ

ഈശോയുടെ ശൈശവം, ബാല്യം, കൗമാരം എന്നിവയെക്കുറിച്ചുള്ള വർണ്ണനകൾ 'ക്രിസ്തുഗാഥ' യിൽ ഉണ്ട്. അവ കുട്ടികളെ ചൊല്ലിക്കേൾപ്പിക്കുന്നത് ആസ്വാദനത്തിന് സഹായിക്കും.

### 3. കൂടുതൽ ചോദ്യങ്ങൾ

1. നസ്രത്തിലെ കൊച്ചുവീട്ടിൽ ആരെല്ലാമാണ് താമസിച്ചിരുന്നത്?
2. യഹൂദ നിയമപ്രകാരം ഈശോ എന്തെല്ലാം ചെയ്തിരുന്നു?
3. ഈശോ എങ്ങനെയാണ് വളർന്നത്?
4. തിരുസഭയുടെ കല്പനകൾ എത്രയാണ്?

പാഠം 10

# ആത്മാവിനാൽ അഭിഷിക്തനായ ഈശോ

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

**ബോധ്യങ്ങൾ**

1. നാം ജനിക്കുന്നത് പാപാവസ്ഥയിലാണ്.
2. നമ്മെ ദൈവമക്കളാക്കി മാറ്റുന്ന കൂദാശയാണ് മാമ്മോദീസ.
3. മാമ്മോദീസ നമുക്ക് പാപമോചനവും ദൈവികജീവനും നൽകുന്നു.

**മനോഭാവങ്ങൾ**

1. മാമ്മോദീസായിലൂടെ പാപത്തെ മോചിപ്പിച്ച ദൈവത്തോട് നന്ദി പറയണം.
2. മാമ്മോദീസ സ്വീകരിച്ച നാം ദൈവമക്കളെപ്പോലെ ജീവിക്കണം.
3. ദൈവമക്കളായി ജീവിക്കാനുള്ള ദൈവികജീവൻ നഷ്ടപ്പെടുത്താതെ ജീവിക്കണം.

**ശീലങ്ങൾ:**

1. നമ്മെ ദൈവപുത്രരാക്കിയ ഈശോയ്ക്ക് നന്ദി പറയും.
2. ദൈവികജീവൻ നഷ്ടപ്പെടുത്താതെ എപ്പോഴും ജീവിക്കും.
3. ഈശോയെക്കുറിച്ച് കൂടുതൽ അറിവുനേടും.

## II. ബോധനോപാധികൾ

പുതിയ നിയമം, മാമ്മോദീസ സ്വീകരണത്തിന്റെ ഫോട്ടോ, മാമ്മോദീസതൊട്ടി, മാമ്മോദീസ എന്ന കൂദാശ.

## III. പാഠാവതരണം

ഒരു കുട്ടിയെ മാമ്മോദീസ മുക്കുന്നതിന്റെ ഫോട്ടോ കാണിക്കാം. അതേക്കുറിച്ച് സംസാരിക്കാൻ കുട്ടികളെ അനുവദിക്കാം. അവർ പങ്കെടുത്തിട്ടുള്ള മാമ്മോദീസയുടെ വിശേഷങ്ങൾ പങ്കുവയ്ക്കും.

മാമ്മോദീസായിലെ പ്രധാനകാര്യം എന്താണ്? അഭിപ്രായം തിരക്കുന്നത് നല്ലതാണ്. ഈശോയും മാമ്മോദീസ സ്വീകരിച്ചു. എപ്പോൾ? എവിടെവച്ച്? ആരിൽ നിന്ന്? ഇനി പാഠത്തിലേക്ക് കടക്കാം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### ഉത്തരം കണ്ടെത്താം

1. നസ്രത്തിലെ സിനഗോഗിൽവച്ച് ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നാണ് ഈശോ വായിച്ചത്.
2. പാപാവസ്ഥയിൽ നിന്ന് നമ്മെ ഉയർത്തി ദൈവമക്കളാക്കുന്ന കൂദാശയാണ് മാമ്മോദീസ.
3. മാമ്മോദീസ സ്വീകരിക്കുമ്പോൾ നമുക്ക് പാപമോചനവും ദൈവികജീവനും ലഭിക്കുന്നു.
4. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് നാം മാമ്മോദീസ സ്വീകരിക്കുന്നത്.

### എഴുതാം എഴുതാം

ഒന്നാം ദിവസം കുട്ടികളോട് വിവരം പറഞ്ഞുവിടണം. മാതാപിതാക്കളുടെ സഹായത്തോടെ രണ്ടാം ദിവസം എഴുതിക്കൊണ്ടുവരട്ടെ. തീർച്ചയായും അതു പരിശോധിക്കണം.

### കടങ്കഥ

ഉത്തരം : മാമ്മോദീസ

### എന്റെ തീരുമാനം

ദൈവികജീവൻ നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം ചെയ്യണമെന്ന് ചർച്ച ചെയ്ത് കുട്ടികളെ ബോധ്യപ്പെടുത്തണം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. മാമ്മോദീസാത്തൊട്ടി

എല്ലാ പള്ളികളിലും ഏറ്റവും പിന്നിലായി മാമ്മോദീസാത്തൊട്ടി ഉണ്ടായിരിക്കും. പല തരത്തിലും വലിപ്പത്തിലുമുള്ളവ ഉണ്ടെന്നു മാത്രം. മാമ്മോദീസാ മുങ്ങുന്ന കുട്ടിയുടെ തലയിൽ വെള്ളമൊഴിക്കുന്നത് മാമ്മോദീസാ തൊട്ടിയിൽ പിടിച്ചുകൊണ്ടാണ്. മാമ്മോദീസാത്തൊട്ടി കുട്ടിയെ കാണിച്ചു കൊടുക്കുന്നത് ഉചിതമാണ്.

### 2. കാണാം അറിയാം

കഴിയുമെങ്കിൽ കുട്ടികളെ ഒരുമിച്ചു ചേർത്ത് പള്ളിയിൽ നടക്കുന്ന മാമ്മോദീസാ ചടങ്ങിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കുന്നത് നല്ലതാണ്. കാര്യങ്ങൾ കണ്ടറിയുന്നത് വേഗം മനസ്സിൽ പതിയാൻ സഹായിക്കും.

### 3. കൂടുതൽ ചോദ്യങ്ങൾ

1. ഈശോ വളർന്ന സ്ഥലമേത്?
2. ഈശോ പരസ്യജീവിതം ആരംഭിച്ചത് എപ്പോഴാണ്?
3. സ്ഥൈര്യലേപനം സ്വീകരിക്കുന്നതിലൂടെ നമുക്ക് എന്തു ലഭിക്കുന്നു?
4. കൃപാവരം എന്നാൽ എന്ത്?

## പാഠം 11

# പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

**ബോധ്യങ്ങൾ**

1. പന്തക്കുസ്താദിനത്തിൽ ശിഷ്യന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചു.
2. പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ശക്തിയും വരങ്ങളും സ്ഥൈര്യലേപനത്തിലൂടെ ലഭിക്കുന്നു.
3. നന്മ ചെയ്യാനുള്ള പ്രേരണയും ശക്തിയും പരിശുദ്ധാത്മാവ് നൽകുന്നു.

**മനോഭാവങ്ങൾ**

1. പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണ് നാമെന്ന അവബോധമുണ്ടാകണം.
2. ശിഷ്യന്മാരെപ്പോലെ സാക്ഷ്യം നൽകേണ്ടവരാണ് നമ്മളും.

**ശീലങ്ങൾ:**

1. പരിശുദ്ധാത്മാവിനെ അനുസരിച്ചുകൊണ്ട് നന്മ ചെയ്യും.
2. വീട്ടിലും സ്കൂളിലും ഈശോയുടെ സാക്ഷിയായി ജീവിക്കും.

## II. ബോധനോപാധികൾ

പുതിയനിയമം, സ്ഥൈര്യലേപന കൂദാശയുടെ ഫോട്ടോ, പരിശുദ്ധാത്മാവിന്റെ ഗാനമെഴുതിയ ചാർട്ട്.

## III. പാഠാവതരണം

പരിശുദ്ധാത്മാവിന്റെ ഒരു ഗാനം കുട്ടികളുമൊത്ത് ആലപിക്കുന്നു. (ഉദാ: പരിശുദ്ധാത്മാവേ നീയെഴുന്നുള്ളി....., പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ...) ഗാനത്തിന്റെ ആശയം കുട്ടികളുമായി പങ്കുവയ്ക്കുന്നു.

'പിതാവും പുത്രനും പരിശുദ്ധാത്മാവും' – ത്രിത്വത്തിന്റെ കാര്യം സൂചിപ്പിക്കുന്നു. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ളതാണ് ഈ പാഠം പന്തക്കുസ്താ, സ്ഥൈര്യലേപനം എന്നിവയാണ് പ്രധാന പാഠ്യവസ്തുക്കൾ അവയിലേയ്ക്ക് കുട്ടികളെ നയിക്കുന്നു.

# IV. പാഠബന്ധിത പ്രവർത്തനങ്ങൾ

## ഉത്തരം കണ്ടെത്താം

1. ഈശോയുടെ സ്വർഗ്ഗാരോഹണത്തിനുശേഷം സെഹിയോൻ ഊട്ടുശാലയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശിഷ്യന്മാരുടെ മേൽ പരിശുദ്ധാത്മാവ് ആവസിച്ചതാണ് പന്തക്കുസ്താസംഭവം നമ്മെ അനുസ്മരിപ്പിക്കുന്നത്.

2. പരിശുദ്ധാത്മാവ് ശിഷ്യന്മാരുടെ മേൽ ഇറങ്ങിവന്നത് അഗ്നിജ്വാലകൾ പോലുള്ള നാവുകളുടെ രൂപത്തിലാണ്.

3. മാമ്മോദീസായിലൂടെ പരിശുദ്ധത്മാവിൽ വീണ്ടും ജനിച്ച് ദൈവമക്കളായിത്തീർന്ന നമുക്ക് ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കുന്നതിനും അവിടുത്തേയ്ക്ക് സാക്ഷ്യം വഹിക്കുന്നതിനും ആവശ്യമായ പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ശക്തിയും വരങ്ങളും നൽകുന്ന കൂദാശയാണ് സ്ഥൈര്യലേപനം.

4. സ്ഥൈര്യലേപനത്തിലൂടെ നമ്മിൽ എഴുന്നള്ളിവരുന്ന പരിശുദ്ധാത്മാവ് ആ നിമിഷം മുതൽ ഒരു മായാത്ത മുദ്രയായി നമ്മിൽ വസിക്കുന്നു. നമുക്ക് നന്മ ചെയ്യാനുള്ള പ്രേരണയും ശക്തിയും നിരന്തരം നൽകിക്കൊണ്ടിരിക്കുന്നു.

## നമുക്ക് പൂരിപ്പിക്കാം

ഉത്തരം : നാവുകൾ, പരിശുദ്ധാത്മാവിനാൽ

## ഓർത്തു പറയാം

ക്ലാസ്സിൽ പഠിച്ച പന്തക്കുസ്താ സംഭവം ഓർമ്മിച്ചു പറയാൻ കുട്ടികൾക്ക് അവസരം നൽകുക. പ്രോത്സാഹനം നൽകിയാൽ കുട്ടികൾ ഉത്സാഹത്തോടെ പറയും.

## എന്റെ തീരുമാനം

തീരുമാനമെടുക്കും മുമ്പ് വിശദമായി ചർച്ച ചെയ്യണം. തീരുമാനം പ്രായോഗികമാക്കുന്നുവെന്ന് ഉറപ്പു വരുത്തണം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. പറയാം അറിയാം

സ്ഥൈര്യലേപനത്തിന്റെ ഫോട്ടോ കുട്ടികളെ കാണിക്കുന്നു. കൂദാശക്രമം വിവരിക്കുന്നു. എല്ലാ കുട്ടികളും ഭാവിയിൽ അതു സ്വീകരിക്കാനുള്ളവരാണെന്ന് ബോധ്യപ്പെടുത്തുന്നു. പ്രാധാന്യം വിശദീകരിക്കുന്നു.

### 2. പാടാം പാടാം

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള കിട്ടാവുന്നിടത്തോളം പാട്ടുകൾ ശേഖരിക്കുക; ശേഖരിക്കാൻ കുട്ടികളോട് ആവശ്യപ്പെടുക, അവയിൽ ചിലത് ക്ലാസ്സിൽ ആലപിക്കുക.

### 3. കൂടുതൽ ചോദ്യങ്ങൾ

1. ശിഷ്യന്മാർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞപ്പോൾ എന്തു ചെയ്തു?
2. പരിശുദ്ധാത്മാവിനെ അയയ്ക്കുന്നതിനെപ്പറ്റി ഈശോ ശിഷ്യന്മാരോട് എന്താണ് പറഞ്ഞിരുന്നത്?
3. മൂറോൻ എന്നാൽ എന്ത്?
4. സ്ഥൈര്യലേപനം നൽകുന്നത് ആരാണ്?

## പാഠം 12

# കൂദാശകൾ:
# ജീവജലത്തിന്റെ അരുവികൾ

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

**ബോധ്യങ്ങൾ**

1. ഈശോയാണ് ദൈവിക ജീവനാകുന്ന ജീവജലം നമുക്ക് നൽകുന്നത്.
2. ദൈവികജീവൻ നൽകുവാനായി ഈശോ കൂദാശകൾ സ്ഥാപിച്ചു.
3. ഓരോ കൂദാശയിലൂടെയും ദൈവത്തിന്റെ കൃപാവരമാണ് നമ്മിൽ ഒഴുകിയെത്തുന്നത്.

**മനോഭാവങ്ങൾ**

1. കൂദാശകൾ നാം യോഗ്യതയോടുകൂടി സ്വീകരിക്കണം.
2. കൂദാശകൾ സ്വീകരിച്ച് നാം ദൈവികജീവൻ സ്വന്തമാക്കി വളരണം.

**ശീലങ്ങൾ:**

1. കൂദാശകൾ സ്ഥാപിച്ച ഈശോയ്ക്ക് നന്ദി പറയും.
2. കൂദാശകളുടെ അർത്ഥം ശരിയായി ഗ്രഹിക്കാൻ ശ്രമിക്കും.
3. ഭക്തിപൂർവ്വം കൂദാശകൾ സ്വീകരിക്കും.

## II. ബോധനോപാധികൾ

പുതിയനിയമം, “നട്ടുച്ച നേരത്ത് കിണറിന്റെ തീരത്ത്’ എന്ന ഗാനം വിവിധ കൂദാശകളുടെ ഫോട്ടോ, ‘ഓർമ്മവച്ച നാൾ മുതൽ’ എന്ന ഗാനം.

## III. പാഠാവതരണം

നട്ടുച്ചനേരത്ത് കിണറിന്റെ തീരത്ത് എന്ന ഗാനം, ആലപിച്ചുകൊണ്ട് ക്ലാസ് തുടങ്ങാം. പ്രശസ്തമായൊരു പഴയ ഗാനമാണത്. ഈശോയും സമരിയാക്കാരി സ്ത്രീയും തമ്മിലുള്ള സംഭാഷണമാണിതിലെ ഉള്ളടക്കം. പാട്ടിൽ നിന്ന് പാഠത്തിലേയ്ക്ക് പ്രവേശിക്കാം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### ഉത്തരം കണ്ടെത്താം

1. അദൃശ്യമായ ദൈവികജീവനെ സൂചിപ്പിക്കുകയും നൽകുകയും ചെയ്യുന്നതും ഈശോമിശിഹ സ്ഥാപിച്ചതുമായ ദൃശ്യമായ അടയാളങ്ങളാണ് കൂദാശകൾ.

2. കൂദാശകൾ ഏഴ്: മാമ്മോദീസ, സ്ഥൈര്യലേപനം, കുർബ്ബാന, കുമ്പസാരം, രോഗീലേപനം, തിരുപ്പട്ടം, വിവാഹം.

3. ഒരിക്കൽമാത്രം സ്വീകരിക്കാവുന്ന കൂദാശകൾ: മാമ്മോദീസാ, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നിവയാണ്.

4. കൂദാശകളിലൂടെ ദൈവത്തിന്റെ കൃപാവരം അഥവാ ദൈവികജീവൻ ആണ് നമുക്ക് ലഭിക്കുന്നത്.

### ശരിയോ തെറ്റോ എന്ന് പറയുക

1. ശരി  2. തെറ്റ്

3. ശരി  4. ശരി

5. ശരി

### ക്രമപ്പെടുത്തി എഴുതുക

1. മാമ്മോദീസ  2. തൈലാഭിഷേകം

3. കുർബ്ബാന  4. അനുരഞ്ജനകൂദാശ

5. രോഗീലേപനം  6. തിരുപ്പട്ടം

7. വിവാഹം.

### എന്റെ തീരുമാനം

ദൈവാലയ തിരുക്കർമ്മങ്ങളിൽ ഭക്തിയോടെ പങ്കെടുക്കാൻ ആവശ്യമായ നിർദ്ദേശവും പരിശീലനവും കുട്ടികൾക്ക് നൽകണം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. പാടാം പഠിക്കാം

"ഓർമ്മ വച്ച നാൾ മുതൽ ഓസ്തിയിൽ നിന്നെ കാണുന്നു" എന്നുള്ള ഗാനം ചാർട്ടിലെഴുതി കുട്ടികളുമൊത്ത് പാടുന്നു. അതിനെ ആസ്പദമാക്കി കുർബ്ബാന സ്വീകരണത്തെക്കുറിച്ചുള്ള കുട്ടികളുടെ സ്വപ്നങ്ങളും, പ്രതീക്ഷകളും പങ്കുവയ്ക്കാൻ അവസരം നൽകുന്നു. കുർബ്ബാന സ്വീകരണവുമായി ബന്ധമുള്ള നല്ല അനുഭവങ്ങൾ പറഞ്ഞു കേൾപ്പിക്കാം.

### 2. പറയാം കേൾക്കാം

രോഗീലേപനം, തിരുപ്പട്ടം, വിവാഹം തുടങ്ങിയ കൂദാശകൾ നൽകുന്നത് കുട്ടികൾ കണ്ടിട്ടുണ്ടാവുമല്ലോ. അത് വിവരിച്ച് പറയുവാൻ അവർക്ക് അവസരമൊരുക്കിയാൽ നല്ല അനുഭവമായി മാറും. ആവശ്യമായ കൂട്ടിച്ചേർക്കലുകളോ തിരുത്തലുകളോ നൽകണമെങ്കിൽ അതും ആവാം.

### 3. കൂടുതൽ ചോദ്യങ്ങൾ

1. ഈശോ എവിടെയുള്ള കിണറിന്റെ അടുത്താണ് ഇരുന്നത്?
2. കൂദാശകളിലൂടെ ഈശോ എന്തു ചെയ്യുന്നു?
3. കൂദാശകളെ എത്രവിധമായി തിരിക്കാം? ഏതെല്ലാം?
4. കൂടെക്കൂടെ സ്വീകരിക്കാവുന്ന കൂദാശകൾ ഏതെല്ലാം?
5. ദൈവികജീവൻ നമ്മെ ആരാക്കിത്തീർക്കുന്നു?

പാഠം 13

# ഈശോയാൽ അയയ്ക്കപ്പെട്ടവർ

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

**ബോധ്യങ്ങൾ**

1. സുവിശേഷം പ്രസംഗിക്കുവാൻ ഈശോയാൽ അയയ്ക്കപ്പെട്ടവരാണ് ശ്ലീഹന്മാർ.
2. സഭയുടെ തലവൻ മാർപാപ്പയാണ്.
3. ഈശോയുടെ സുവിശേഷം പ്രഘോഷിക്കുവാൻ നമുക്ക് കടമയുണ്ട്.

**മനോഭാവങ്ങൾ**

1. സഭയുടെ തലവനായ മാർപാപ്പയോട് വിധേയത്വം പാലിക്കണം.
2. ശിഷ്യന്മാരെപ്പോലെ നമ്മളും സുവിശേഷം പ്രസംഗിക്കണം.

**ശീലങ്ങൾ:**

1. ഈശോയുടെ ശിഷ്യനാണെന്ന് എപ്പോഴും ഓർമ്മിക്കും.
2. പരിശുദ്ധാത്മാവിന്റെ വരങ്ങൾക്കായി പ്രാർത്ഥിക്കും.
3. ചിന്ത, വാക്ക്, പ്രവൃത്തി ഇവകൊണ്ട് ഈശോയ്ക്ക് സാക്ഷ്യം വഹിക്കും.

## II. ബോധനോപാധികൾ

പുതിയനിയമം, ഈശോയും ശിഷ്യന്മാരും നിൽക്കുന്ന ചിത്രം, പന്ത്രണ്ടുശിഷ്യന്മാരുടെ പേരുകളെഴുതിയ ചാർട്ട്.

## III. പാഠാവതരണം

ഈശോയും ശിഷ്യന്മാരും നിൽക്കുന്ന ചിത്രം കാണിക്കാം. കുട്ടികൾക്ക് അറിയാവുന്ന ശിഷ്യന്മാരുടെ പേരുകൾ പറയാം. അവരായി സങ്കൽപിച്ച് ഓരോ കുട്ടിയെ അടുത്തേയ്ക്കു വിളിക്കണം. ഇങ്ങനെ പന്ത്രണ്ടു പേരെയും ഈശോയെയും വിളിക്കണം. ഈശോ ശിഷ്യ

ന്മാരെ തലയിൽ കൈവച്ച് അനുഗ്രഹിച്ച് പറഞ്ഞയയ്ക്കുന്നതായി കാണിക്കുന്നു. പന്ത്രണ്ടുപേരും ക്ലാസ്സിന്റെ പല ഭാഗത്തേയ്ക്കായി പോകുന്നു.

# IV. പാഠബന്ധിത പ്രവർത്തനങ്ങൾ

**ഉത്തരം കണ്ടെത്താം**

1. ശ്ലീഹാ എന്ന വാക്കിന്റെ അർത്ഥം 'അയക്കപ്പെട്ടവൻ' എന്നാണ്.
2. (പാഠത്തിൽ നിന്ന് നേരിട്ടെഴുതാം).
3. പത്രോസിന്റെ പിൻഗാമിയാണ് മാർപാപ്പ.
4. തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ച സ്ഥലം ചെന്നൈയ്ക്കടുത്ത് മൈലാപ്പൂരിലെ ചിന്നമലയാണ്.

**ചേരേണ്ടതു ചേർക്കാം**

(3.) ഉയിർപ്പിച്ചു
(5.) ബഹിഷ്കരിച്ചു
(2.) സുഖപ്പെടുത്തി
(4.) ശുദ്ധരാക്കി
(1.) പ്രസംഗിച്ചു.

**കോളങ്ങൾ പൂർത്തിയാക്കുക**

അത്ഭുതപ്രവർത്തനവരം

ഭാഷാവരം　　　　പ്രവചനവരം

പരിശുദ്ധാത്മാവിന്റെ
വരങ്ങളിൽ ചിലത്

ദർശനവരം　　　　ജ്ഞാനവരം

രോഗശാന്തിവരം

**എന്റെ തീരുമാനം**

ഓരോ കുട്ടിക്കും ദൈവം നൽകിയ കഴിവുകളും നന്മകളും വ്യത്യസ്തമാണ്. അവ ഏതെന്ന് കണ്ടെത്തുകയാണ് ആദ്യം ചെയ്യേണ്ടത്. അതിനവരെ സഹായിക്കണം. നന്മകളുടെ പേരിൽ പ്രോത്സാഹനം നൽകണം. അത് ഉപയോഗിക്കാൻ പ്രേരിപ്പിക്കണം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. ഈശോയുടെ കല്പന

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ." ഇത് ഒരു ചാർട്ടിൽ വലുതായി എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുക. ഈ വാക്യം കുട്ടികൾക്കിണങ്ങും വിധം വിശദീകരിക്കുക.

### 2. ചർച്ച ചെയ്യാം

ചിന്ത, വാക്ക്, പ്രവൃത്തി എന്നിവ കൊണ്ട് ഈശോയ്ക്ക് എങ്ങനെ സാക്ഷികളാകാൻ കഴിയുമെന്ന് ചർച്ച ചെയ്യാം. കുട്ടികൾക്ക് വ്യക്തമായൊരു അവബോധം നൽകണം.

### 3. കൂടുതൽ ചോദ്യങ്ങൾ

1. ഈശോ ശിഷ്യന്മാരെ എന്തെല്ലാം ചെയ്യാനാണ് ചുമതലപ്പെടുത്തി അയച്ചത്?
2. ഈശോയുടെ കല്പന എന്താണ്?
3. ശിഷ്യന്മാരുടെ തലവൻ ആര്?
4. പരിശുദ്ധാത്മാവ് നൽകുന്ന ഏതാനും വരങ്ങളുടെ പേര് പറയുക?
5. എന്തിനുവേണ്ടിയാണ് പരിശുദ്ധാത്മാവ് നമുക്ക് വിവിധ വരങ്ങൾ നൽകുന്നത്?

## പാഠം 14

# ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

### ബോധ്യങ്ങൾ

1. സുവിശേഷത്തിൽ വിശ്വസിച്ചവരാണ് ആദിമക്രൈസ്തവ സമൂഹം.
2. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നവരിൽ വിവിധ ദാനങ്ങൾ നിറയുന്നു.
3. നന്മ ചെയ്യാനും തിന്മ ചെയ്യാതിരിക്കാനും ഈ ദാനങ്ങൾ പ്രചോദനമേകുന്നു.

### മനോഭാവങ്ങൾ

1. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സ്വീകരിച്ച് നമ്മൾ വിശുദ്ധിയിൽ വളരണം.
2. ദൈവത്തിന് പ്രീതികരമായ ജീവിതം നമ്മൾ നയിക്കണം.

### ശീലങ്ങൾ:

1. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ലഭിക്കാൻ നിത്യവും പ്രാർത്ഥിക്കും.
2. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾക്ക് നന്ദി പറയും.
3. അവ ഉപയോഗിച്ച് വിശുദ്ധിയിൽ വളരും.

## II. ബോധനോപാധികൾ

പുതിയനിയമം, പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ എഴുതിയ ചാർട്ട്/കാർഡ്.

## III. പാഠാവതരണം

അപ്പ. പ്രവർത്തനങ്ങൾ 2:37-47 വായിച്ച് ആശയം പങ്കുവയ്ക്കാം. ആദിമ സഭയുടെ ചിത്രം വ്യക്തമാക്കാം. ഈശോയിൽ വിശ്വസിക്കുന്നവർക്ക് അവിടുന്ന് പ്രത്യേകമായി എന്തൊക്കെയാവും നൽകുന്നത്? പരിശുദ്ധാത്മാവിന്റെ ദാനങ്ങളിലേയ്ക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കാം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### ഉത്തരം കണ്ടെത്താം

1. ആദിമസഭയെക്കുറിച്ച് വിവരിക്കുന്ന പുസ്തകമാണ് അപ്പസ്തോലപ്രവർത്തനങ്ങൾ.
2. ആദിമക്രൈസ്തവർ ഏകമനസ്സോടെ ദൈവത്തെ സ്തുതിച്ചും

പ്രാർത്ഥിച്ചും ഒരുമയോടെ കഴിഞ്ഞു. അവർ എല്ലാ മനുഷ്യരുടെയും പ്രീതിക്ക് പാത്രമാവുകയും ചെയ്തു. അവർ ധീരതയോടെ സുവിശേഷം പ്രഘോഷിക്കുകയും ജീവിക്കുകയും ചെയ്തു.

3. വിശുദ്ധിയിൽ വളരാനും സുവിശേഷമാർഗത്തിൽ ചരിക്കാനും സുവിശേഷം പ്രഘോഷിക്കാനുമാണ് പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നമ്മെ സഹായിക്കുന്നത്.
4. ജ്ഞാനം, ബുദ്ധി, ആലോചന, അറിവ്, ആത്മശക്തി, ഭക്തി, ദൈവഭയം എന്നിവയാണ് പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ.

**കടങ്കഥ**

ഉത്തരം : ആദിമസഭ

**പദസൂര്യൻ**

പാഠത്തിൽ നിന്ന് പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ എടുത്തെഴുതി പദസൂര്യൻ പൂർത്തിയാക്കാം.

**എന്റെ തീരുമാനം**

പരിശുദ്ധാത്മാവ് വരങ്ങളും ദാനങ്ങളും നൽകുന്നത് നമ്മുടെ പരിശുദ്ധിക്കും മറ്റുള്ളവരുടെ നന്മയ്ക്കുമാണ്. നന്മചെയ്ത് വിശുദ്ധി പ്രാപിക്കാൻ കുട്ടികൾ തീരുമാനമെടുക്കട്ടെ. അതിനുള്ള പ്രചോദനം നൽകണം.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. എഴുതാം പഠിക്കാം

പരിശുദ്ധാത്മാവിന്റെ ഏഴുദാനങ്ങൾ കാർഡുകളിൽ വലുതായി എഴുതി ക്ലാസ്സിൽ പലയിടത്തായി സ്ഥാപിക്കുക, അവ കുട്ടികൾ മനഃപാഠമാക്കട്ടെ.

### 2. കളിക്കാം കളിക്കാം

ഇതൊരു പരിശോധനാകളിയാണ്. കുട്ടികൾ എഴുന്നേറ്റു നിൽക്കട്ടെ. പരിശുദ്ധാത്മാവിന്റെ ദാനങ്ങളും മറ്റു പദങ്ങളും ഇടകലർത്തി പറഞ്ഞുകൊണ്ടിരിക്കണം.

ഉദാ: ജ്ഞാനം, ബുദ്ധി, ധൈര്യം, അറിവ്, കരുണ, ഭക്തി, സത്യം, ദൈവഭയം, സ്നേഹം... ദാനങ്ങളുടെ പേരു പറയുമ്പോൾ കൈ ഉയർത്തണം. മറ്റു വാക്കുകളാണെങ്കിൽ കൈതാഴ്ത്തണം. തെറ്റിക്കുന്നവർ ഇരിക്കട്ടെ. ഈ രീതിയിൽ കളി തുടരാം. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ മനഃപാഠമാക്കിക്കഴിഞ്ഞിട്ട് നടത്താനുള്ളതാണ് ഈ കളി.

### 3. കൂടുതൽ ചോദ്യങ്ങൾ

1. ആരാണ് ആദിമക്രൈസ്തവർ?
2. നമുക്ക് ധൈര്യം നൽകുന്ന ദാനം ഏത്?
3. നന്മതിന്മകളെ യഥാവിധം തിരിച്ചറിയാനുള്ള കഴിവ് നൽകുന്ന ദാനമേത്?
4. ദൈവത്തിന് പ്രീതികരമായ ഒരു ജീവിതം നയിക്കാൻ നമ്മെ പ്രാപ്തരാക്കുന്ന രണ്ടു ദാനങ്ങൾ ഏവ?

## പാഠം 15

# ആത്മാവിനാൽ സാക്ഷ്യം നൽകിയവർ

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്

**ബോധ്യങ്ങൾ**

1. വിശ്വാസത്തിനു സാക്ഷ്യം നൽകി ജീവിച്ചവരാണ് വിശുദ്ധരും രക്തസാക്ഷികളും.
2. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ വിശുദ്ധരിൽ നിറഞ്ഞു നിൽക്കുന്നു.
3. വിശുദ്ധരുടെ മാതൃക അനുകരിച്ച് സ്വർഗ്ഗത്തിലെത്തേണ്ടവരാണ് നമ്മൾ.

**മനോഭാവങ്ങൾ**

1. വിശുദ്ധമായ ജീവിതത്തിൽ ഞാൻ അഭിമാനം കൊള്ളും.
2. പരിശുദ്ധാത്മാവിന്റെ ഫലങ്ങളിൽ വളരാൻ ശ്രമിക്കും.

**ശീലങ്ങൾ:**

1. കാവൽമാലാഖയോട് നിത്യവും പ്രാർത്ഥിക്കും.
2. പേരിനു കാരണക്കാരനായ വിശുദ്ധനെ / വിശുദ്ധയെക്കുറിച്ച് പഠിക്കും.
3. ആ വിശുദ്ധന്റെ / വിശുദ്ധയുടെ ഗുണങ്ങൾ അനുകരിച്ച് ജീവിക്കും.

## II. ബോധനോപാധികൾ

പുതിയ നിയമം, 'അനുദിനവിശുദ്ധർ' എന്ന പുസ്തകം, ഏതാനും വിശുദ്ധരുടെ ഫോട്ടോകൾ, ചാർട്ട് പേപ്പർ.

## III. പാഠാവതരണം

കുട്ടികൾ അവർക്കറിയാവുന്ന വിശുദ്ധരുടെ പേരുകൾ പറയട്ടെ. ആ പേര് സ്വീകരിച്ചിട്ടുള്ള കുട്ടികൾ ഉണ്ടോയെന്ന് തിരക്കണം. അധ്യാ

പകന്റെ / അധ്യാപികയുടെ പേരിന്റെ വിശുദ്ധനെ / വിശുദ്ധയെ പരിചയപ്പെടുത്താം. ഫോട്ടോയും കാണിക്കാം. തോമാശ്ലീഹായുടെ ഫോട്ടോയും കാണിക്കാം. തുടർന്ന് വിശുദ്ധരെക്കുറിച്ച് പൊതുവായി അവതരിപ്പിക്കാം.

പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ ഈ പാഠത്തിലെ ഒരു പ്രധാന ആശയമാണ്. അത് ശരിയായി അവതരിപ്പിക്കണം.

## IV. പാഠബന്ധിത പ്രവർത്തനങ്ങൾ

### ഉത്തരം കണ്ടെത്താം

1. വിശ്വാസത്തിനു സാക്ഷ്യം നൽകി ജീവൻ സമർപ്പിച്ചവരാണ് രക്തസാക്ഷികൾ.
2. വിശുദ്ധ എസ്തപ്പാനോസ് ആണ് ആദ്യത്തെ രക്തസാക്ഷി.
3. വി. അഗസ്റ്റിൻ, വി. അന്തോനീസ്. വി. ഫ്രാൻസീസ് അസീസ്സി, വി. ഫ്രാൻസിസ് സേവ്യർ, വി. കൊച്ചുത്രേസ്യ. (ഏതെങ്കിലും അഞ്ചു വിശുദ്ധരുടെ പേര് എഴുതിയാൽ മതി)
4. നന്മയിൽ വളരാൻ നമ്മെ സഹായിക്കാനായി ദൈവം തന്നിരിക്കുന്ന കൂട്ടുകാർ കാവൽ മാലാഖമാരാണ്.
5. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, സഹനശക്തി, വിശുദ്ധി, മിതത്വം, ആത്മസംയമനം എന്നിവയാണ്.

### ഞാനാര്?

ഉത്തരം : വിശുദ്ധൻ

### എഴുതാം എഴുതാം

എന്റെ പേരിന്റെ വിശുദ്ധൻ, വിശുദ്ധന്റെ തിരുനാൾ ദിനം എന്നിവ മാതാപിതാക്കളോട് ചോദിച്ചിട്ടുവരാൻ ആദ്യദിവസം തന്നെ നിർദ്ദേശിക്കണം.

ഭാരതത്തിലെ വിശുദ്ധരുടെ / വാഴ്ത്തപ്പെട്ടവരുടെ പേരെഴുതുവാൻ മാതാപിതാക്കളുടെ സഹായത്തോടെ കുട്ടികൾ ശ്രമിക്കട്ടെ.

ചിലരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. വിശുദ്ധ ചാവറയച്ചൻ
2. വിശുദ്ധ അൽഫോൻസാമ്മ

3. വിശുദ്ധ മദർ തെരേസ
4. വിശുദ്ധ എവുപ്രാസ്യ
5. വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ
6. വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള
7. വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ
8. വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ
8. ധന്യൻ ഫാ. ഔറേലിയൻ ഒ.സി.ഡി.
9. ദൈവദാസൻ തോമസ് കുര്യാളശ്ശേരി
10. ദൈവദാസൻ മാത്യു കാവുകാട്ട്
11. ദൈവദാസൻ കദളിക്കാട്ടിൽ മത്തായിഅച്ചൻ
12. ദൈവദാസൻ ഫാ. സക്കറിയാസ് ഒ.സി.ഡി.

### എന്റെ തീരുമാനം

മൂന്നാം ക്ലാസ്സിൽ മതബോധനം പൂർത്തിയാക്കുന്ന കുട്ടികൾ എത്തിച്ചേരേണ്ടത് വിശുദ്ധമായ ഒരു ജീവിതം നയിക്കുമെന്ന തീരുമാനത്തിലും അതിന്റെ പ്രയോഗത്തിലുമാണ്. കുട്ടികളെ ഇക്കാര്യത്തിൽ പ്രചോദിപ്പിക്കേണ്ട ചുമതലയാണ് അദ്ധ്യാപകന് / അദ്ധ്യാപികയ്ക്ക് ഉള്ളത്.

## V. അനുബന്ധിത പ്രവർത്തനങ്ങൾ

### 1. വൃക്ഷവും ഫലവും

പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ ഏവയെന്നു പഠിച്ചല്ലോ? അത് ചിത്രരൂപത്തിൽ ക്ലാസ്സിൽ അവതരിപ്പിച്ചാൽ നന്നായിരിക്കും. ചാർട്ട്പേപ്പറിൽ ഒരു വൃക്ഷത്തിന്റെ ചിത്രം വരച്ച്, അതിൽ പന്ത്രണ്ടു ഫലങ്ങൾ വരച്ചുചേർക്കുക. ഓരോന്നിലും ഓരോ ഫലങ്ങളുടെ പേരെഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുക.

### 2. കൂട്ടിനു വിളിക്കാം

കാവൽമാലാഖ കൂട്ടിനുണ്ടെന്ന് കുട്ടികൾ അറിയട്ടെ. ആവശ്യനേരങ്ങളിൽ കാവൽമാലാഖയെ കൂട്ടിനു വിളിക്കാൻ കുട്ടികളെ പരിശീലിപ്പിക്കാം. കാവൽമാലാഖയോടുള്ള ചെറിയ പ്രാർത്ഥന പഠിപ്പിക്കാം. കാവൽമാലാഖമാരെക്കുറിച്ചുള്ള പാട്ടുകൾ ക്ലാസ്സിൽ ആലപിക്കുന്നതും നല്ലതാണ്.

### 3. അടുത്തറിയാൻ

വിശുദ്ധരെ അടുത്തറിയാൻ ഉപകരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകണം. കുട്ടികളുടെ കൂട്ടുകാരനായ വി. ഡൊമിനിക് സാവിയോ, കുട്ടികളുടെ കൂട്ടുകാരിയായ വി. മരിയ ഗൊരേത്തി എന്നിവരെ കുട്ടികളുടെ നിലവാരത്തിന് യോജിക്കും വിധം പരിചയപ്പെടുത്തണം. കേരളത്തിൽ കൂടുതൽ പ്രചാരമുള്ള വിശുദ്ധരെ അവതരിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

പല സന്ദർഭങ്ങളിലും കുട്ടികൾക്ക് സമ്മാനമായി വിശുദ്ധരുടെ ചെറിയ ചിത്രങ്ങൾ നൽകാവുന്നതാണ്. അതവരിൽ വലിയ സ്വാധീനം ചെലുത്തും.

### 4. കൂടുതൽ ചോദ്യങ്ങൾ

1. തോമാശ്ലീഹാ പള്ളികൾ സ്ഥാപിച്ച സ്ഥലങ്ങൾ ഏവ?
2. അഞ്ച് രക്തസാക്ഷികളുടെ പേര് എഴുതുക?
3. ഈശോയുടെ ആഗ്രഹം എന്താണ്?
4. കാവൽമാലാഖ എങ്ങനെയാണ് നമ്മെ സഹായിക്കുന്നത്?